# The Light of Cochin

COCHIN DIOCESAN BULLETIN

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVI** **NOVEMBER 2007** **No. 11**

**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| മാധ്യമ ഞായർ 2007 നവംബർ 18 | 06 |
| സെന്റ് സെബാസ്റ്റ്യൻസ് ഇടവക നീണ്ടകര | 12 |
| Department of Catechesis | 24 |
| വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു | 25 |
| ജൂബിലി വർഷപരിപാടികൾ - നവംബർ | 26 |
| ജൂബിലിവർഷ രൂപത വാർത്തകൾ | 29 |

(For Private Circulation only)

Monthly Recollections - 2007 30

പ്രീ-കാന കോഴ്സ് 30

Bishop's Engagements 31

Bishop's Diary 34

പിന്നാമ്പുറം 35


Light of Cochin



പിതാവ് നമ്മോട്

# മാധ്യമങ്ങൾ ഒരു വെല്ലുവിളിയോ ?

നവംബർ 18 മാധ്യമദിനമായി ആചരിക്കുകയാണ് സമൂഹത്തിന്റെ കെട്ടുറപ്പിനും, സംസ്കാരത്തിന്റെ തെളിമയ്ക്കും മാധ്യമങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഈ യുഗത്തിൽ ആശയവിനിമയം ചെയ്യപ്പെടുന്നത് അതിവേഗത്തിലാണ്. ഓരോ കാര്യങ്ങളും അറിയുന്നതും, മനസ്സിലാക്കുന്നതും സ്വാംശീകരിക്കുന്നതും പ്രകാശത്തിന്റെ വേഗത്തിലാണ്.

മാധ്യമങ്ങൾ ഓരോന്നും മനുഷ്യന്റെ ചിന്തയേയും മൂല്യത്തെയും സംസ്കാരത്തെയും ആഴത്തിൽ സ്വാധീനിക്കാൻ കഴിവുള്ള സംവിധാനമാണ്. വാർത്താവിനിമയ രംഗത്തും വിനോദ വിജ്ഞാന രംഗത്തും കുതിച്ചു ചാട്ടം തന്നെ മാധ്യങ്ങൾ നടത്തുന്നുണ്ട്. ഈ രംഗത്തുണ്ടായ അത്ഭുതാവഹമായ പുരോഗതി മാധ്യമ വിപ്ലവത്തിനു തന്നെ ഇടയാക്കിയിട്ടുണ്ട്. മനുഷ്യജീവിതം കൂടുതൽ സുന്ദരമാക്കുവാനും, സുഗമമാക്കുവാനും, സുഖപ്രദമാക്കുവാനും മാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നു. അതേപോലെ തന്നെ മനുഷ്യന്റെ അഭിരുചികളെയും അവന്റെ തന്നെ അസ്തിത്വത്തെയും സ്വാധീനിക്കുന്നു. എന്തു വാങ്ങണമെന്നും, എന്തു ഭക്ഷിക്കണമെന്നും, എന്തിനൊക്കെ ഏതിനൊക്കെ മുൻഗണന കൊടുക്കണമെന്നും തീരുമാനിക്കുന്നതിൽ മാധ്യമങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു.

പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഈ വർഷത്തിലെ മാധ്യമദിന സന്ദേശമായി എടുത്തിട്ടുള്ളത് "കുട്ടികളും മാധ്യമങ്ങളും: വിദ്യാഭ്യാസത്തിന് ഒരു വെല്ലുവിളി" എന്ന വിഷയമാണ്. സമഗ്ര വിദ്യാഭ്യാസത്തിന് മാധ്യമങ്ങൾ ഒരു വിലങ്ങു തടിയായി മാറിപോകുന്നില്ലേ എന്ന സംശയം നമ്മുടെ മുന്നിൽ ഉതിർക്കുകയാണ്. കുട്ടികൾ - പാഠപുസ്തകങ്ങൾക്കും, ദേവാലയത്തിനും, സംസ്ക്കാരത്തിനും മുന്നിൽ വളരണം എന്നു വരികിലും മൗലികമായ മൂല്യങ്ങളെയും ഹൃദയപൂർവ്വങ്ങളായ ബന്ധങ്ങളെയും മാധ്യമങ്ങൾ കാറ്റിൽ പറത്തുമ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് അത് ഒരു വെല്ലുവിളിയായി തീരുന്നു.

ഇന്നിന്റെ സാഹചര്യത്തിൽ മാധ്യമങ്ങളെ വിലയിരുത്തുമ്പോൾ, ക്രിസ്തീയത ഉണർത്തുന്ന മൂല്യങ്ങളും, സംസ്ക്കാരചൈതന്യവും ചിലപ്പോഴെങ്കിലും മാധ്യമ വിപ്ലവത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് പിന്തള്ളപ്പെട്ടു പോകുന്നുണ്ട്. മാധ്യമങ്ങൾ യാഥാർത്ഥ്യങ്ങളെ വളച്ചൊടിക്കുന്നതാണ് പല പ്രശ്നങ്ങൾക്കും കാരണം എന്ന് എനിക്ക് തോന്നുന്നു. വാസ്തവങ്ങൾ ഓരോന്നും തെറ്റിദ്ധരിപ്പിച്ച് പൊതു ജനാഭിപ്രായത്തെ മാറ്റി മറിക്കാൻ മാധ്യമങ്ങൾക്ക് കഴിവുണ്ട്. രാഷ്ട്രീയാഭിപ്രായം രൂപീകരിക്കാനും സ്വാർത്ഥതാൽപര്യങ്ങൾ വളർത്താനും താഴെത്തട്ടു മുതൽ മുകൾത്തട്ടുവരെ സമ്പർക്കമാധ്യമങ്ങളെ ദുരുപയോഗിക്കാറുണ്ട്. മാധ്യമങ്ങൾ സമൂഹത്തിന്റെ സാംസ്ക്കാരിക പൈതൃകത്തോടും നന്മയുടെ ഭാവങ്ങളോടും ചില പ്പോഴെങ്കിലും നീതി പുലർത്താറില്ല. ആരെ ചവിട്ടി മെതിച്ചിട്ടായാലും തങ്ങൾക്ക് മറ്റു ചാനലുകളുടെ, മറ്റു പത്രങ്ങളുടെ മുൻപന്തിയിൽ ഗർവ്വോടെ നിൽക്കണം എന്നതിനാണ് ഓരോ മാധ്യമ ങ്ങളുടെയും ശ്രമം.

മാധ്യമങ്ങളെ സമഗ്രമായ രീതിയിൽ ഉപയോഗിക്കാൻ വരും തലമുറയെ തയ്യാറാക്കേണ്ടതുണ്ട്. കാരണം മാധ്യമങ്ങളുടെ തെറ്റായ സ്വാധീനം ഇളം തലമുറയിലാണ് ഏറ്റവുമധികം കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതും. അതുവഴി ധാർമ്മികാധഃപതനത്തിനും, മൂല്യശോഷണത്തിനും ജീവിതനാശത്തിനും കാരണമാകുന്നു. മാധ്യമങ്ങൾ കയ്യാളുന്നവർ പല ലക്ഷ്യങ്ങൾക്കായി പലവിധത്തിൽ അവയെ ഉപയോഗിക്കുന്നു. പലരെയും നയിക്കുന്നത് ലാഭേച്ഛയാണ് അതിനുവേണ്ടി ഏതു മാർഗ്ഗവും ഉപയോഗിക്കാൻ അവർക്ക് മടിയുണ്ടാവില്ല.

ഈ മാധ്യമദിനത്തിൽ മാധ്യമങ്ങളുടെ സ്വതസിദ്ധമായ ധർമ്മം ഓർക്കേണ്ടതുണ്ട്.

1. മുഖം നോക്കാതെ നീതി പുലർത്തുവാൻ മാധ്യമങ്ങൾക്ക് കഴിയണം. സമൂഹത്തിലെ എല്ലാ ശക്തികളോടും നീതി പുലർത്തണം.
2. വികാരവത്കരണവും രാഷ്ട്രീയവത്കരണവും മാധ്യമങ്ങൾക്ക് ചേർന്നതല്ല. ഒരു സംഭവം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും, സമൂഹത്തിലുണ്ടാകുന്ന മാറ്റവുമാണ് ഏറ്റവും പ്രാധാന്യം അർഹിക്കുന്നത്. വാർത്തയുടെ പ്രാധാന്യം അതാണ്. അതായത് വീരാരാധനയും, വ്യക്തിപൂജയും മാധ്യമധർമ്മമല്ല. കാതലായ പല വാർത്തകളും വാർത്തായാകുന്നില്ല. നല്ലതു കണ്ടെത്തുക പ്രോത്സാഹിപ്പിക്കുക.
3. സത്യം പറയണം. ഉള്ളത് പറയണം. സംശയമുള്ളത് അന്വേഷണത്വരയോടുകൂടി കണ്ടെത്തണം. അത് ലോകത്തെ അറിയിക്കണം. അതുകൊണ്ടാണ് ക്രിസ്തു പറഞ്ഞത് സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

*എല്ലാവർക്കും മാധ്യമദിനത്തിന്റെ ആശംസകൾ നേരുന്നു.*

**✠ ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

# വിവാദങ്ങളിലൂടെ ഒളിച്ചോടുമ്പോൾ...

**വി**വാദങ്ങളുടെ പരമ്പരയ്ക്ക് തന്നെ നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. പലതും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ സംശയം തോന്നുന്നു- കേരള ത്തിന് സ്വന്തമെന്നു കരുതി അഹങ്കരിച്ചിരുന്ന പല വിശേഷണങ്ങളും (ഉദാഹരണമായി ദൈവത്തിന്റെ സ്വന്തം നാട്, സാംസ്കാരിക കേരളം, കേരള മോഡൽ വികസനം) ഇന്ന് കൈമോശം വന്നിട്ടില്ലേ എന്നു ഒന്നുറപ്പിച്ചു പറയാം - കേരളത്തിന്റെ പോക്ക് പിന്നോട്ടാണ്. മൂല്യങ്ങളും സന്മാർഗ്ഗതത്വങ്ങളും ദൈവവിശ്വാസവും ചവിട്ടിമെതിക്കപ്പെടുമ്പോൾ എങ്ങനെയാണ് മുന്നോട്ട് പോകുവാൻ സാധിക്കുക? വികസനത്തിന് അടിത്തറ വേണമല്ലോ. അത് മൂല്യാധിഷ്ഠിതമല്ലെങ്കിൽ, വികസനം ചിലരുടേതുമാത്രമായി ചുരുങ്ങും. ഉദാഹരണങ്ങൾ ഏറെയുണ്ട്.

പല വിവാദങ്ങളും അവ പൊട്ടിപ്പുറപ്പെട്ട സാഹചര്യങ്ങളും സമയവും നോക്കുമ്പോൾ, കാതലായ വിഷയങ്ങളും പ്രശ്നങ്ങളും മറച്ചുവയ്ക്കാനുള്ള അല്ലെങ്കിൽ അവയിൽനിന്ന് ഒളിച്ചോടാനുള്ള വ്യഗ്രതയാണ് ദൃശ്യമാകുക. ഗൗരവമേറിയ വിഷയങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിന് പകരം, അവയിൽനിന്ന് ശ്രദ്ധ തിരിക്കുന്നതിന് മാധ്യമങ്ങളും കൂട്ടുനിന്നു എന്ന് കാണുന്നത് പ്രതിഷേധാർഹമാണ്. തത്വാധിഷ്ഠിത മാധ്യമസംസ്ക്കാരത്തിന് ഉലച്ചിൽ തട്ടുന്നുവെന്ന് സാരം. താത്ക്കാലികമായ നേട്ടങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ ഇന്ന് പറഞ്ഞത് നാളെ മാറ്റി പറയേണ്ടിവരും, വിഴുങ്ങേണ്ടി വരും. അപ്പോൾ അടിയറ വയ്ക്കപ്പെടുക സ്വന്തം തനിമ തന്നെയാണ്.

അഴിമതിയിൽ കുളിച്ചു നില്ക്കുമ്പോൾ, പുതിയ വിവാദങ്ങൾ സൃഷ്ടിച്ച് ജനശ്രദ്ധ തിരിച്ചു വിടുവാൻ ശ്രമിക്കുന്നവരുടെ ചൊല്പടിയിൽ ഒതുങ്ങാതെ, യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്ക് ജനശ്രദ്ധകൊണ്ടു വരുവാനും അതിന് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതുവരെ പ്രതികരിക്കുവാനും മാധ്യമങ്ങൾക്ക് കടമയുണ്ട്. അഴിമതിക്ക് മറയായി വിവാദങ്ങൾ സൃഷ്ടിക്കുവാൻ ആരെയും അനുവദിച്ചുകൂടാ. വിവാദങ്ങളിലൂടെ രക്ഷപ്പെടുവാൻ ആർക്കും അവസരം ഒരുക്കിക്കൂടാ. പ്രബുദ്ധ കേരളത്തെ വഞ്ചിക്കുവാൻ കൂട്ടുനിന്നുവെന്ന് മാധ്യമങ്ങളെക്കുറിച്ച് പറയുവാൻ ഇടവരാതിരിക്കണമെങ്കിൽ, നന്മയെ ലക്ഷ്യമാക്കി സത്യത്തെ പ്രഘോഷിക്കുന്നവരായി ഓരോ മാധ്യമ പ്രവർത്തകനും മാറണം. മാധ്യമങ്ങളിലൂടെ ജനശ്രദ്ധ പിടിച്ചു പറ്റുവാൻ, എന്തും പറയുന്ന, എന്തും പ്രവൃത്തിക്കുന്ന "ചെറിയ മനുഷ്യരുടെ" ലോകത്തിൽ ഒതുങ്ങാതെ, മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും അവ പ്രതിനിധാനം ചെയ്യുന്നവരെ ആദരിക്കുവാനും ഉള്ള ആർജ്ജവത്വം മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഉണ്ടാകട്ടെ.

**എഡിറ്റർ**

# മാധ്യമ ഞായർ 2007, നവംബർ 18

**പരിശുദ്ധ പിതാവിന്റെ മാധ്യമദിന സന്ദേശം**

**'കുട്ടികളും മാധ്യമങ്ങളും : വിദ്യാഭ്യാസത്തിനൊരു വെല്ലുവിളി'**

*പത്രപ്രവർത്തകരുടെ മധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സാലസിന്റെ തിരുനാൾ ദിനത്തിൽ 2007 ജനുവരി 24-ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ 41-ാം ലോക സമ്പർക്ക ദിനാഘോഷത്തിന് നൽകിയ സന്ദേശമാണിത്. ലോക സമ്പർക്ക ദിനാഘോഷത്തിന്റെ ചിന്താവിഷയം 'കുട്ടികളും മാധ്യമങ്ങളും: വിദ്യാഭ്യാസത്തിനൊരു വെല്ലുവിളി' എന്നാണ്. ഇന്ത്യയിൽ നവംബർ 18-ാം തീയതിയാണ് സമ്പർക്ക മാധ്യമദിനം ആചരിക്കുന്നത്.*

പ്രിയ സഹോദരി സഹോദരന്മാരെ

നാൽപത്തിയൊന്നാം ലോക സമ്പർക്കദിനത്തിന്റെ ചിന്താവിഷയം 'കുട്ടികളും സമ്പർക്ക മാധ്യമങ്ങളും : വിദ്യാഭ്യാസത്തിന് ഒരു വെല്ലുവിളി' എന്നതാണ്. ആ വിഷയത്തോട് ബന്ധപ്പെട്ട രണ്ടു സുപ്രധാന വിഷയങ്ങളെപ്പറ്റി ചിന്തിക്കാൻ അതു നമ്മെ ക്ഷണിക്കുന്നു. കുട്ടികളുടെ പരിശീലനമാണ് ഒന്ന്. മറ്റേതാകട്ടെ മാധ്യമങ്ങളുടെ പരിശീലനമാണ്. രണ്ടാമത്തെ വിഷയം അത്ര പ്രകടമല്ലെങ്കിലും ഒട്ടും പ്രാധാന്യം കുറഞ്ഞതല്ല.

ഇന്ന് വിദ്യാഭ്യാസത്തെ നേരിടുന്ന സങ്കീർണമായ വെല്ലുവിളികൾ, മാധ്യമങ്ങൾക്ക് നമ്മുടെ ലോകത്തുള്ള വ്യാപകമായ സ്വാധീനത്തോടു ബന്ധപ്പെട്ടതാണ്. ആഗോളീകരണത്തിന്റെ ഒരു ഭാഗമായും സാങ്കേതികവിദ്യയുടെ വേഗത്തിലുള്ള വളർച്ചയുടെ ഫലമായും മാധ്യമങ്ങൾ നമ്മുടെ സാംസ്കാരിക സാഹചര്യത്തെ ആഴത്തിൽ സ്വാധീനിക്കുന്നു. (cf. Pope John Paul II, Apostolic letter, The Rapid Development 3) വിദ്യാലയത്തിനും സഭയ്ക്കും ഒരുപക്ഷേ കുടുംബത്തിനുമുള്ളതിലേറെ പരിശീലനപരമായ സ്വാധീനം മാധ്യമങ്ങൾക്കുണ്ടെന്ന് ചില ആളുകൾ അവകാശപ്പെടുന്നുണ്ട്. "പലരേയും സംബന്ധിച്ചിടത്തോളം





മാധ്യമങ്ങൾ യഥാർത്ഥമായി അംഗീകരിക്കുന്നതാണ് യഥാർത്ഥമായിട്ടുള്ളത്" (Pontifical Council for Social Communication. Aetatis, Novae 4).

കുട്ടികൾ, മാധ്യമങ്ങൾ, വിദ്യാഭ്യാസം എന്നിവ തമ്മിലുള്ള ബന്ധം രണ്ടു വീക്ഷണകോണുകളിലൂടെ പരിഗണിക്കാവുന്നതാണ്. ഒന്ന് മാധ്യമങ്ങൾ കുട്ടികൾക്ക് നൽകുന്ന പരിശീലനം. ഇക്കാര്യത്തിൽ ഒരു പരസ്പര പ്രവർത്തനം നടക്കുന്നു. ഒരു വ്യവസായമെന്ന നിലയിൽ മാധ്യമങ്ങൾക്കുള്ള ഉത്തരവാദിത്വങ്ങളും, വായനക്കാർ, കാഴ്ചക്കാർ, ശ്രോതാക്കൾ എന്നിവരുടെ സജീവവും വിമർശനപരവുമായ പങ്കുചേരലിന്റെ ആവശ്യവും പരസ്പര പ്രവർത്തനത്തിൽ ഏർപ്പെടുന്നു. ഈ ചട്ടക്കൂടിനുള്ളിൽ കുട്ടികൾക്ക് മാധ്യമങ്ങൾ ശരിയായി ഉപയോഗിക്കാനുള്ള പരിശീലനം നൽകുക അത്യാവശ്യമാണ്. അവരുടെ സാംസ്കാരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ വികാസത്തിന് അത് അടിസ്ഥാനപരമാണ്.

ഈ പൊതുനന്മയെ എങ്ങനെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യാം ? കുട്ടികൾ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ വിവേകം കാണിക്കുന്നവരാകാൻ പഠിപ്പിക്കുകയെന്നത് മാതാപിതാക്കളുടെയും സഭയുടെയും വിദ്യാലയത്തിന്റെയും കടമയാണ്. മാതാപിതാക്കളുടെ പങ്ക് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. മാധ്യമങ്ങളുടെ വിവേകപൂർവകമായ ഉപയോഗം ഉറപ്പുവരുത്താനുള്ള അവകാശവും കടമയും അവർക്കുണ്ട്. കുട്ടികളുടെ മനഃസാക്ഷിയെ പരിശീലിപ്പിച്ച് ആ അവകാശവും കടമയും നിർവഹിക്കണം. അങ്ങനെ ലഭ്യമായ പരിപാടികളിൽ ചിലത് തെരഞ്ഞെടുത്തും ചിലത് ഉപേക്ഷിച്ചും ഉപയോഗിക്കാൻ അനുഗുണവും വസ്തുനിഷ്ഠവുമായ വിധിത്തീർപ്പുകൾ നടത്താൻ കുട്ടികൾക്ക് കഴിയും (cf. Pope John Paul II, Apostolic Exhortation, Familiaris consortio, 76). ഇങ്ങനെ ചെയ്യുന്നതിൽ മാതാപിതാക്കൾക്ക് വിദ്യാലയങ്ങളുടെയും ഇടവകയുടെയും പ്രോത്സാഹനവും സഹായവും ലഭിക്കണം. കുട്ടികളെ വളർത്താൻ പ്രയാസം നിറഞ്ഞതും എന്നാൽ സംതൃപ്തികരവുമായ കടമയുടെ

നിർവഹണം വ്യാപകമായി സമൂഹത്താൽ പിന്താങ്ങപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനാണത്. മാധ്യമ വിദ്യാഭ്യാസം ഭാവാത്മകമായിരിക്കണം. സൗന്ദര്യപരവും ധാർമ്മികവുമായി ശ്രേഷ്ഠവുമായതിനോട് താൽപര്യമുള്ളവരാണ് കുട്ടികൾ. വിലയിരുത്താനും വിവേകം കാണിക്കാനും വിദഗ്ദ്ധതയോടെ വിവേചിച്ചറിയാനും അവരെ സഹായിക്കണം. ഇവിടെ മാതാപിതാക്കളുടെ മാതൃകകൾക്കായുള്ള ക്ലാസ്സിക്കൽ സാഹിത്യ കൃതികളും സുകുമാരകലകളും മനസ്സിനെ ഉയർക്കുന്ന സംഗീതവും യുവജനത്തെ പരിചയപ്പെടുത്തുന്നതിന്റെ നേട്ടങ്ങളെയും അംഗീകരിക്കണം. നാടോടി സാഹിത്യത്തിന് സംസ്കാരത്തിൽ എപ്പോഴും ഒരു സ്ഥാനമുണ്ട്. എന്നാൽ അവ വിദ്യാലയങ്ങളിൽ വൈകാരികമാക്കാനുള്ള പ്രലോഭനത്തെ നിസ്സംഗതയോടെ അംഗീകരിക്കാൻ പാടില്ല. ദൈവികമായതിന്റെ ഒരു കണ്ണാടിയാണ് സൗന്ദര്യം. അത് ചെറുപ്പകാരുടെ ഹൃദയങ്ങളെയും, മനസ്സുകളെയും പ്രചോദിപ്പിക്കുകയും സജീവമാക്കുകയും ചെയ്യും. അതേസമയം വൈരൂപ്യവും അശ്ലീലവും മനോഭാവങ്ങളെയും പെരുമാറ്റത്തെയും മന്ദീഭവിപ്പിക്കുന്ന സ്വാധീനം ചെലുത്തും.

പൊതുവേ വിദ്യാഭ്യാസത്തിനെന്നപോലെ മാധ്യമ വിദ്യാഭ്യാസത്തിനും സ്വാതന്ത്ര്യം ഉപയോഗിക്കാനുള്ള പരിശീലനം ആവശ്യമാണ്. ഏറെ ത്യാഗം ആവശ്യപ്പെടുന്ന ഔദാര്യമാണിത്. സുഖത്തിനുവേണ്ടിയോ പുതിയ അനുഭവങ്ങൾക്കുവേണ്ടിയോ ഉള്ള അവിശ്രമമായ അന്വേഷണമായിട്ടാണ് പലപ്പോഴും സ്വാതന്ത്ര്യത്തെ അവതരിപ്പിക്കുന്നത്. പക്ഷേ, അതൊരു ശപിച്ചുതള്ളലാണ്, മോചിപ്പിക്കലല്ല. യഥാർത്ഥ സ്വാതന്ത്ര്യം ഒരിക്കലും ഒരു വ്യക്തിയെ പ്രത്യേകിച്ച് ഒരു ശിശുവിനെ-പുതുമയ്ക്കുവേണ്ടിയുള്ള അടക്കാനാവാത്ത അന്വേഷണത്തിനായി തള്ളിക്കളയുകയില്ല. സത്യത്തിന്റെ വെളിച്ചത്തിൽ, മനുഷ്യവംശത്തോട് ദൈവം പറയുന്ന 'അതെ' എന്നതിന് നൽകുന്ന സുനിശ്ചിതമായ പ്രത്യുത്തരമായിട്ടാണ് സ്വാതന്ത്ര്യത്തെ അനുഭവിക്കുന്നത്. ദൈവമാകട്ടെ തിരഞ്ഞെടുക്കാൻ നമ്മെ വിളിക്കുന്നു. വകതിരിവില്ലാതെ തിരഞ്ഞെടുക്കാനല്ല. നന്മയും സത്യവും സുന്ദരവുമായത് ബോധപൂർവം





തിരഞ്ഞെടുക്കാനാണ് വിളിക്കുന്നത്. ആ സ്വാതന്ത്ര്യത്തിന്റെ രക്ഷാധികാരികളാണ് മാതാപിതാക്കൾ. അവർ കുട്ടികൾക്ക് ക്രമേണ കൂടുതൽ കൂടുതൽ സ്വാതന്ത്ര്യം നൽകിക്കൊണ്ട് ജീവിതത്തിന്റെ അഗാധമായ സന്തോഷത്തിലേക്ക് നയിക്കും (cf. Address to the Fifth World Meeting of Families, Valencia, 8 July 2006).

കുട്ടികളെ സൗന്ദര്യത്തിന്റെയും സത്യത്തിന്റെയും നന്മയുടെയും വഴികളിലൂടെ അഭ്യസിപ്പിക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമുള്ള ഹൃദയപൂർവകമായ ഈ ആഗ്രഹത്തെ പിന്താങ്ങാൻ മാധ്യമ വ്യവസായത്തിന് കഴിയും. മൗലികമായ മാനുഷിക മഹത്വത്തെയും വിവാഹത്തെയും കുടുംബ ജീവിതത്തിനുമുള്ള യഥാർത്ഥ മൂല്യത്തെയും മനുഷ്യവംശത്തിന്റെ ഭാവാത്മക നേട്ടങ്ങളെയും ലക്ഷ്യങ്ങളെയും അതു വളർത്തുന്നിടത്തോളം മാത്രമേ പിന്താങ്ങാൻ അതിന് കഴിയൂ. അതുകൊണ്ട് മാധ്യമങ്ങൾ കാര്യക്ഷമമായ പരിശീലിപ്പിക്കലിനും ധാർമ്മിക മാനദണ്ഡങ്ങൾക്കും സ്വയം സമർപ്പിക്കുക അത്യാവശ്യമാണ്. മാതാപിതാക്കളും അദ്ധ്യാപകരും ഈ ആവശ്യത്തെ പ്രത്യേക താൽപര്യത്തോടെയാണ് ഇന്ന് കാണുന്നത്. നിർബന്ധപൂർവമായ ഒന്നായിട്ടുപോലും അതിനെ കാണുന്നു. അവർ മാത്രമല്ല ഉത്തരവാദിത്വബോധമുള്ള എല്ലാവരും അങ്ങനെതന്നെ കാണുന്നു.

സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ വ്യാപരിക്കുന്ന അനേകർ ശരിയായിട്ടുള്ളതു ചെയ്യാനാണ് ആഗ്രഹിക്കുന്നത് എന്ന വിശ്വാസത്തെ ഉറപ്പിച്ചു പറയണം. (Pontifical Council for Social communications, Ethics in Communication 4). അതേസമയം മറ്റൊരു വസ്തുതകൂടി നാം അംഗീകരിക്കണം. അതായത് ഈ മണ്ഡലത്തിൽ ജോലി ചെയ്യുന്നവർ പ്രത്യേകമായ മാനസിക സംഘർഷങ്ങളെയും ധാർമ്മികമായ സംശയങ്ങളെയും നേരിടുന്നുണ്ടെന്ന വസ്തുതയാണ് (Aetatis Novae 191). നിലവാരം താഴ്ത്താൻ മാധ്യമ പ്രവർത്തകരെ നിർബന്ധിക്കുന്ന വ്യാവസായിക മത്സരമുണ്ടാകുന്നു. വിനോദത്തിന്റെ പേരിൽ അക്രമത്തെ ഉയർത്തിക്കാണിക്കുകയോ സമൂഹവിരുദ്ധമായ പെരുമാറ്റത്തെ

ചിത്രികരിക്കുകയോ മാനുഷിക ലൈംഗികതയെ നിസ്സാരമാക്കി കാണുകയോ ചെയ്യുന്നതെല്ലാം പ്രകൃതി വിരുദ്ധമാണ്. അവ കുട്ടികൾക്കും യുവാക്കൾക്കും വേണ്ടിയുള്ളതാണെങ്കിൽ കൂടുതൽ പരിവർജ്യമാണ്. അത്തരം പ്രോഗ്രാമുകളും സജീവ ഫിലിമുകളും വീഡിയോ ഗെയിമുകളും ഉൾപ്പെടെയുള്ള ഉത്പന്നങ്ങളും ഉത്പാദിപ്പിക്കാനുള്ള ഏതു പ്രവണതയും ഒരു വഴി തെറ്റലാണ്. യഥാർത്ഥത്തിൽ അക്രമവും ചൂഷണവും ദുരുപയോഗവും സഹിക്കുന്ന നിരുപദ്രവകാരികളായ അസംഖ്യം യുവജനങ്ങൾക്ക് ഈ വിനോദത്തിന് എങ്ങനെ വിശദീകരണം നൽകും? ഈ വിഷയത്തെ സംബന്ധിച്ചിടത്തോളും കുട്ടികളെ ആശ്ലേഷിച്ച് അവരുടെമേൽ കൈകൾവച്ച് ആശീർവദിച്ച ക്രിസ്തുവും (മത്താ. 10:16) കുട്ടികളെ വഴി തെറ്റിക്കുന്നവരും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ചിന്തിക്കേണ്ടതാണ്. കുട്ടികളെ വഴിതെറ്റിക്കുന്നവർക്ക് നല്ലത് കഴുത്തിൽ തിരിക്കല്ലുകെട്ടി കടലിൽ വീഴുന്നതാണ് (ലൂക്ക. 17:2). പൊതുനന്മ സംരക്ഷിക്കാനും സത്യത്തെ ഉയർത്തിപ്പിടിക്കാനും മാനുഷിക വ്യക്തിമഹത്വത്തെ പരിരക്ഷിക്കാനും കുടുംബങ്ങളുടെ ആവശ്യങ്ങളോടുള്ള ആദരവ് വളർത്താനും ഉത്പാദകരെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യാൻ മാധ്യമ വ്യവസായ നേതാക്കളോട് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

സഭ തനിക്ക് ഏൽപിക്കപ്പെട്ട രക്ഷാസന്ദേശത്തിന്റെ വെളിച്ചത്തിൽ മനുഷ്യവംശത്തിന്റെ അദ്ധ്യാപിക കൂടിയാണ്. മാതാപിതാക്കളെയും അദ്ധ്യാപകരെയും സമ്പർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും യുവജനങ്ങളെയും സഹായിക്കാനുള്ള അവസരത്തെ സഭ സ്വാഗതം ചെയ്യുന്നു. ഇതിന് സഭയുടെ ഇടവകയും വിദ്യാലയ പരിപാടികളും മാധ്യമ വിദ്യാഭ്യാസത്തിന്റെ മുൻനിരയിൽ നിൽക്കണം. സർവോപരി യോഗ്യമായ സകല മാനുഷിക സമ്പർക്കങ്ങൾക്കും കേന്ദ്രമായിട്ടുള്ള മനുഷ്യമഹത്വത്തെ സംബന്ധിച്ച ഒരു ദർശനത്തിൽ പങ്കുചേരാൻ സഭ ആഗ്രഹിക്കുന്നു. "ക്രിസ്തുവിന്റെ കണ്ണുകളിലൂടെ കണ്ടുകൊണ്ട് മറ്റുള്ളവർക്കായി അവരുടെ ബാഹ്യമായ ആവശ്യങ്ങളേക്കാൾ





കൂടുതൽ നൽകാൻ എനിക്ക് കഴിയും. അവർ അത്യധികം ആഗ്രഹിക്കുന്ന സ്നേഹത്തിന്റെ നോട്ടം നോക്കുവാൻ എനിക്കു കഴിയും (Deus Caritas est. 18).

**വിവർത്തനം : ഡോ. ജി. കുരുക്കൂർ**

പ്രത്യേക ശ്രദ്ധയ്ക്ക് :

മാധ്യമ ഞായറാഴ്ച കത്തോലിക്കാ മാധ്യമ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി എല്ലാ കുർബാനകൾക്കും മദ്ധ്യേ പ്രത്യേകമായി സ്തോത്ര കാഴ്ച എടുക്കണമെന്നും അങ്ങിനെ ലഭിക്കുന്ന തുക കെ.സി.ബി.സി. യുടെ മാധ്യമ ഓഫീസിലേയ്ക്ക് അയച്ചുകെടുക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്.

കെ.സി.ബി.സിക്കുവേണ്ടി

† മാർ തോമസ് ചകൃത്ത്
ചെയർമാൻ
കെ.സി.ബി.സി. മീഡിയാ കമ്മീഷൻ

അയക്കേണ്ട വിലാസം:
കെ.സി.ബി.സി മീഡിയാ കമ്മീഷൻ
പി.ഒ.സി. പാലാരിവട്ടം
കൊച്ചി - 682 028

# സെന്റ് സെബാസ്റ്റ്യൻസ് ഇടവക നീണ്ടകര



റവ. ഫാ. സേവ്യർ ജെ. കാരുവള്ളിൽ

**ഒ**രു ദ്വീപായ നീണ്ടകര മനോഹരമായ ഒരു കൊച്ചുഗ്രാമമാണ്. ചരിത്രരേഖകളിൽ ഈ കരയുടെ പേര് പിള്ളേർകാട് എന്നാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക്, എഴുപുന്ന മുറിയിൽ ഏകദേശം ആറു സ്ക്വയർ കിലോമീറ്റർ ചുറ്റളവിൽ നീണ്ടുപരന്നു കിടക്കുന്ന പ്രദേശമാണിത്. വടക്ക് കുമ്പളങ്ങിക്കായലും തെക്ക് മാളിയത്തോടും കിഴക്കു നീണ്ടകരത്തോടും കുമ്പളങ്ങിക്കായലും പടിഞ്ഞാറു ചക്കരച്ചാലും നീണ്ടകരക്കരിയും ചങ്ങരംകരിയും അതിരുകളായുള്ള ഈ ഗ്രാമത്തിന്റെ മുക്കാൽ ഭാഗവും നെൽപാടങ്ങളാണ്. തെങ്ങിൻതോപ്പും പുൽപ്രദേശങ്ങളും ഈ ദ്വീപിനെ ആകർഷകമാക്കുന്നു.

നൂറ്റാണ്ടുകളായി ജനതാമസമില്ലാതിരുന്ന ഈ കരയിലേക്ക് ഏതാണ്ട് 322 വർഷങ്ങൾക്കുമുമ്പ്, കുമ്പളങ്ങികരയിൽനിന്നും 'പീന്തി' എന്നൊരാളാണ് ആദ്യമായി ഇവിടെ താമസ്സത്തിനെത്തിയത്. ഇദ്ദേഹത്തിന്റെ സന്തതിപരമ്പരകൾ നെൽകൃഷിയും തെങ്ങിൻകൃഷിയും മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമാക്കി ജീവിച്ചുപോന്നു. ഇദ്ദേഹത്തിന്റെ സന്തതിപരമ്പരകളാണ്, നീണ്ടകരയിൽ ഇന്നുള്ള ഭൂരിഭാഗംപേരും.

ആദ്യകാലം മുതലേ നെല്ലായിരുന്നു പ്രധാനമായുമിവിടെ കൃഷി ചെയ്തിരുന്നത്. വർഷത്തിൽ "ഒരു പൂ" മാത്രമായിരുന്നു കൃഷി! ആറുമാസം നെൽകൃഷിയും വിളവെടുപ്പുംകഴിഞ്ഞ് ആറുമാസം മത്സ്യം പിടുത്തവും എന്നതായിരുന്നു അന്നത്തെ രീതി! കുടുംബങ്ങളുടെ എണ്ണം കൂടിയെങ്കിലും സ്നേഹത്തിലും ദൈവ





വിശ്വാസത്തിലും എല്ലാവരും ഒരു കുടുംബംപോലെതന്നെയാണു കഴിഞ്ഞിരുന്നത്. ആകയാൽ നെൽകൃഷിയുടെ വിളവെടുപ്പു വളരെ ആഘോഷമായാണു കൊണ്ടാടിയിരുന്നത്. എല്ലാവരും സഹകരിക്കുമായിരുന്നു. ഈ പശ്ചാത്തലത്തിൽ, എല്ലാവർക്കും ഒരുമിച്ച് കൂടുവാനും പ്രാർത്ഥിക്കാനും ആരാധിക്കാനും ഒരു ആരാധനാലയം വേണമെന്ന ചിന്ത പ്രബലപ്പെട്ടു. അതിനായുള്ള ശ്രമത്തിൽ നെല്ല്, തേങ്ങാ മുതലായ കൃഷികളിൽനിന്നുള്ള വരുമാനത്തിന്റെ ഒരോഹരി, സമാഹരിച്ചു, 1897-ൽ അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ ഒരു കപ്പേള നിർമ്മിച്ചു. ഓലകൊണ്ടു മേഞ്ഞതും മാതാവിന്റെ പടംവച്ചതുമായ ഒരു ചെറിയ കപ്പേളയായിരുന്നു അത്. വണക്കമാസക്കാലങ്ങളിൽ മാതാവിന്റെയും യൗസേപ്പിതാവിന്റെയും തിരുഹൃദയത്തിന്റെയും വണക്കമാസ പ്രാർത്ഥനകൾ ഒരുമിച്ച് നടത്തിപ്പോന്നു. വേദപാഠക്ലാസുകളും ഇവിടെതന്നെയാണു നടത്തിപ്പോന്നിരുന്നത്. ആണ്ടുതോറും ലുത്തിനിയ ആഘോഷമായി പാടിക്കുമായിരുന്നു. ഇതിന്റെ ആഘോഷത്തിനായി വീടുകളിൽനിന്നും പിരിവു നൽകുകയും ഒരുമയോടെ എല്ലാവരും പങ്കെടുക്കുകയും ചെയ്തിരുന്നു. ഇവിടെയുള്ളവർ ആ കാലഘട്ടത്തിൽ, പഴങ്ങാട്ടു സെന്റ് ജോർജ്ജ് പള്ളി ഇടവകയിലെ അംഗങ്ങളായിരുന്നു. അതിനാൽ പഴങ്ങാട്ടു പള്ളി വികാരിയോടു ആലോചിച്ചും അദ്ദേഹത്തിന്റെ അനുവാദത്തോടെയും മാത്രം, എല്ലാ കാര്യങ്ങളും നടത്തുമായിരുന്നുള്ളൂ.

വികാരി അച്ചന്റെ പ്രത്യേക അനുവാദത്തോടെ, കപ്പേളയുടെ വികസനത്തിനും നടത്തിപ്പിനും ഒരു കമ്മിറ്റി രൂപീകരിച്ചു. അതിനുശേഷം കപ്പേളയുടെ മേൽനോട്ടത്തിനായി ഒരു കൈക്കാരനെ അച്ചൻ നിയോഗിക്കുകയും ചെയ്തു. അങ്ങനെ, ശ്രീ. പേറുശൗരി പിള്ളേർക്കാട്ടിൽ ആദ്യത്തെ കൈക്കാരനായി. തുടർന്നു ഏവരുടെയും ശ്രമഫലമായി കൈക്കാരൻ നൽകിയ പുതിയ സ്ഥലത്തേക്കു പഴയ കപ്പേള മാറ്റി സ്ഥാപിച്ചു.

വർഷങ്ങൾ കഴിഞ്ഞു. പഴകിയ ഈ കപ്പേള ഒരു കുരിശുപള്ളിയായി ഉയർത്തുന്നതിനുവേണ്ട ശ്രമങ്ങൾ ആരംഭിച്ചു.

പള്ളികൾ പണിയുന്നതിനു നിരോധനം ഏർപ്പെടുത്തിയിരുന്ന കാലം. സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചു എങ്കിലും അനുവാദം കിട്ടിയില്ല. ഈ കാലത്താണ് റവ. ഫാ. ജേക്കബ് റൊസാരിയോ പഴങ്ങാട്ടു വികാരിയായി സ്ഥാനമേറ്റത്. മോശമായി തീർന്നിരുന്ന കപ്പേളയുടെ സ്ഥിതി കണക്കിലെടുത്ത് അതിന്റെ പുനഃരുദ്ധാരണത്തിനുവേണ്ടി അച്ചൻ മുൻകൈ എടുത്തു. ഫണ്ടു സമാഹരണം ശക്തമാക്കി സ്ഥലവാസികൾക്കെല്ലാം ഇരിക്കാവുന്ന വലുപ്പത്തിൽ, മറ്റൊരു സ്ഥലത്തേയ്ക്കു മാറ്റി കപ്പേള പണിതു. 1920-ൽ പഴങ്ങാട്ടു പള്ളിയിൽനിന്നും വി. സെബാസ്ത്യാനോസിന്റെ തിരുസ്വരൂപം വെഞ്ചരിച്ചു ആഘോഷമായി ചങ്ങാടത്തിൽ കൊണ്ടുവന്നു സ്ഥാപിച്ചു. നവീകരിച്ച കപ്പേള അന്നു മുതൽ വിശുദ്ധ സെബാസ്ത്യനോസിന്റെ നാമധേയത്തിൽ അറിയപ്പെടുവാൻ തുടങ്ങി. തുടർന്ന് 1930-ൽ ഇവിടെ ഒരു "കുടിപ്പള്ളിക്കൂടം" ആരംഭിക്കുകയും ചെയ്തു. ജനങ്ങളുടെ സഹകരണം സജീവമായതോടെ ഫണ്ടുശേഖരണം വളരെ വേഗം വലുതായി. അതിന്റെ ഫലമായി ഏതാണ്ടു 4000 (നാലായിരം) രൂപയോളം കുരിശുപള്ളിയുടെ നിക്ഷേപമായുയരുകയും ചെയ്തു.

ഈ സമയത്ത് പഴങ്ങാട്ടുപള്ളി വികാരിയായി, ഒരു നിയോഗം പോലെ റവ. ഫാ. ജോർജ്ജ് വള്ളോംതയ്യിൽ ഔദ്യോഗികമായി ചാർജ്ജെടുത്തു. അദ്ദേഹം നീണ്ടകരയിലെ ജനങ്ങളുടെ കാര്യത്തിൽ പ്രത്യേകം താൽപര്യമെടുത്തു. നീണ്ടകര കപ്പേളയുടെ സുഗമമായ നടത്തിപ്പിനായും ഫണ്ടിന്റെയും മറ്റു കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനായി രണ്ടു കൈക്കാരന്മാരെ, ശ്രീ. ജോസഫ് കാരുവള്ളിയേയും ശ്രീ. ശൗരി (സേവ്യർ) ഒടിയിലിനെയും നിയമിച്ചു. തുടർന്നു കാര്യങ്ങൾ കൂടുതൽ വിപുലമായി കൈകാര്യം ചെയ്യുന്നതിന് ഒരു കമ്മിറ്റിയും ഇവയുടെ ക്രമകരമായ നടത്തിപ്പിനായി കുറെ നല്ല നിയമങ്ങളും അദ്ദേഹം ആവിഷ്കരിച്ചു.

ബഹു. അച്ചന്റെ തന്നെ സവിശേഷമായ താൽപര്യത്തോടും ജനങ്ങളുടെയെല്ലാം ആഗ്രഹാടിസ്ഥാനത്തിലും പൂർണ്ണസഹകരണത്തോടും കൂടി മദ്ധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുവാനും നിശ്ചയിച്ചു. അതനുസരിച്ചു വിളിച്ചു





കൂട്ടിയ കമ്മിറ്റിയിൽ മൂന്നു ദിവസത്തെ തിരുനാളാഘോഷിക്കുവാനും അവസാനദിവസം അന്നത്തെ രൂപതാ മെത്രാനായ റൈറ്റ് റവ. ഡോ. ജോസ് അൽവർനോസ് തിരുമേനിക്ക് അത്യുജ്ജ്വല സ്വീകരണം നൽകുവാനും തീരുമാനമെടുത്തു. അങ്ങനെ 1948-ൽ ഇദംപ്രഥമമായി നീണ്ടകരയുടെ ചരിത്രത്തിൽ വി. സെബാസ്ത്യനോസിന്റെ തിരുനാളാഘോഷം കൊണ്ടാടി. നിശ്ചയിച്ചതുപോലെ തന്നെ, തിരുനാളിന്റെ അവസാനദിവസം അഭിവന്ദ്യ പിതാവിനു വളരെ വിപുലമായ സ്വീകരണം ഗ്രാമവാസികൾ നൽകി. ബിഷപ്പു തിരുമേനിയുടെ വരവോടുകൂടി ജനങ്ങൾക്ക് പ്രത്യേകമായ ഒരു ഉണർവും ഉന്മേഷവും ഉണ്ടായി, തുടർന്നു ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടി എല്ലാ ഞായറാഴ്ചയും നീണ്ടകര പള്ളിയിൽ ദിവ്യബലി അർപ്പിക്കുവാനുള്ള അനുമതി ചോദിക്കുവാനും തീരുമാനം എടുത്തു. അതനുസരിച്ച് അഭിവന്ദ്യ പിതാവിനോടു അനുമതി ചോദിച്ചു.പക്ഷേ തിരുവിതാംകൂറിലന്നു സർ സി.പി.യുടെ ഭരണമായതിനാൽ സർക്കാരാനുമതി കിട്ടുമായിരുന്നില്ല. അക്കാരണത്താൽ അഭിവന്ദ്യ പിതാവിന് അതിനുള്ള അനുമതി നൽകാൻ കഴിഞ്ഞില്ല. എന്നാൽ, അന്ന് എം.എൽ.എ ആയിരുന്ന ശ്രീ. പാറയിൽ ഉറുമീസ് തരകൻ ഇക്കാര്യത്തിൽ താല്പര്യമെടുക്കുകയും സർക്കാരിൽനിന്നും അനുമതി വാങ്ങി തരാമെന്നു വാഗ്ദാനം നൽകുകയും ചെയ്തു. അപ്രകാരം എല്ലാ ഞായറാഴ്ചകളിലും ദിവ്യബലി അർപ്പിക്കുവാനുള്ള അനുവാദം അഭിവന്ദ്യ പിതാവു സസന്തോഷം നൽകുകയുണ്ടായി. അങ്ങനെ 1948-ൽ ബഹു. ജോർജ്ജ് വള്ളോംതയ്യിലച്ചൻ നീണ്ടകര കപ്പേളയിൽ ആദ്യമായി ദിവ്യബലി അർപ്പിച്ചു. തുടർന്ന് എഴുപുന്നയിലും നീണ്ടകരയിലും വിശ്വാസികളുടെ എല്ലാക്കാര്യങ്ങളും നോക്കി നടത്തേണ്ടതിനായി ബഹു. മാർക്ക് പുരയ്ക്കലച്ചനെ അസിസ്റ്റന്റ് വികാരിയായി പിതാവു നിയമിച്ചു. ദൈവജനം അത്യധികം സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു. ബഹു. മാർക്കച്ചൻ, എഴുപുന്നയിൽ താമസിച്ചുകൊണ്ടു രണ്ടിടത്തെയും കാര്യങ്ങൾ നോക്കിപ്പോന്നു.

ആ കാലഘട്ടങ്ങളിൽ നീണ്ടകരയിൽ മരിക്കുന്നവരുടെ മൃതദേഹങ്ങൾ വഞ്ചിയിൽ കയറ്റി കുമ്പളങ്ങിക്കായലിലൂടെ തുഴഞ്ഞു പഴങ്ങാട്ടു ഇടവക പള്ളി സിമിത്തേരിയിൽ കൊണ്ടുപോയി വേണമായിരുന്നു, സംസ്ക്കരിക്കുവാൻ. കാറ്റും കോളും പെരുമഴയും കാരണം വർഷകാലങ്ങളിലിതു ഏറെ ക്ലേശപൂർണമായിരുന്നു. അതുകൊണ്ടുതന്നെ സ്വന്തമായി ഒരു സിമിത്തേരി വേണമെന്നാശ്യം പ്രബലമായി. പിന്നീടുള്ള ശ്രമം മുഴുവനും അതിനുവേണ്ടിയായിരുന്നു. അതിന്റെ ഫലമായി പഞ്ചായത്തിന്റെയും, പ്രസിഡന്റ് പാറായിൽ ശ്രീ. വർക്കി തരകന്റെയും സഹായത്തോടെ സർക്കാരിൽനിന്നും പുതിയ സിമിത്തേരി നിർമ്മിക്കുവാനുള്ള അംഗീകാരം വാങ്ങി. ശ്രീ. ജോസഫ് കാരുവള്ളി ഇതിനു വേണ്ടതായ സ്ഥലവും നൽകി. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അലക്സാണ്ടർ എടേഴത്തു തിരുമേനി സിമിത്തേരി നിർമ്മിക്കുവാനുള്ള അനുവാദം നൽകി. അങ്ങനെ 1959-ൽ സിമിത്തേരി നിർമ്മാണം പൂർത്തിയാക്കി. ശ്രീ. പീന്തിയുടെ സന്തതിപരമ്പരകൾ കൂടാതെ എഴുപുന്ന, കരുമാഞ്ചേരി, ചെല്ലാനം ഇടവകകളിൽനിന്നും വിശ്വാസികൾ ഇവിടെ വന്നു താമസം തുടങ്ങി. അവരുടെ ആദ്ധ്യാത്മികവും മറ്റു കാര്യങ്ങളും അവരുടെ ഇടവക വികാരികൾ നടത്തിപ്പോന്നു, വർഷങ്ങളായിട്ട്. എങ്കിലും എല്ലാവരും നീണ്ടകര കപ്പേളയുമായി സഹകരിച്ചിരുന്നു. അച്ചന്മാരുടെ സഹകരണം അവരുടെ കൂട്ടായ്മയ്ക്കു വലിയ പ്രചോദനമായിരുന്നു. ഏതാനും ഹിന്ദുകുടുംബങ്ങളും പുലയ സമുദായത്തിൽപ്പെട്ട കുടുംബങ്ങളും ഇവിടെ നല്ല സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്നു.

ബഹു. മാർക്കു പുരക്കലച്ചനു ശേഷം, കപ്ലോളനായി വന്നത്, ബഹു. സേവ്യർ പുത്തൻപറമ്പിലച്ചനായിരുന്നു. പഴങ്ങാട്ടു പള്ളിയുടെ അസിസ്റ്റന്റും എഴുപുന്ന, നീണ്ടകരകളിലെ കപ്ലോനായും അദ്ദേഹം തന്റെ സേവനം നൽകി. പിന്നീടു വന്നത് ബഹു. ഇഗ്നേഷ്യസ് കവലക്കലച്ചനായിരുന്നു. കൃശഗാത്രനെങ്കിലും കർമ്മത്തിലും ധർമ്മത്തിലും ആത്മീയത നൽകി ജീവിതം കൊണ്ടു സാക്ഷ്യംവഹിച്ച നല്ല കൊച്ചിടയൻ. വി. കുർബാന ജനപങ്കാളിത്വം






കൂടുതലാക്കി, ഭക്ത സംഘടനകളെ പ്രോത്സാഹിപ്പിച്ചു. സജീവമാക്കി. മരിയ ഭക്തി വളർത്തി. ദിവ്യകാരുണ്യ ഭക്തിയും തിരുഹൃദയഭക്തിയും രണ്ടുകരയിലെ, വിശ്വാസികളിലും ജീവിതമാതൃകവഴി ഏറെ ചൈതന്യപൂർണമാക്കി. ജാതിമതഭേദമന്യേ, റീത്തുകളുടെ വ്യത്യാസം ജനങ്ങളിൽ ഇടർച്ച നൽകാതെ, എറണാകുളം, ആലപ്പുഴ, കൊച്ചി എന്നീ രൂപതകളിലെ, പ്രത്യേകിച്ചും നീണ്ടകരയിലെ ജനങ്ങളെ ഒന്നിപ്പിച്ചു സഹകരിപ്പിക്കുന്നതിനും ആ ബന്ധം സ്ഥായിയായി നിൽക്കുന്നതിനും അച്ചന്റെ വ്യക്തിപരമായ - ജനങ്ങളോടും ഇതര രൂപതാപള്ളികളിലെ വൈദികരോടുമുള്ള ബന്ധം ഏറെ സഹായിച്ച കാര്യം ജനങ്ങളിന്നും അഭിമാനത്തോടെ ഓർക്കുന്നു. നീണ്ടകര ഇടവകയായി ഉയർത്തപ്പെട്ടിട്ടും ആ ബന്ധങ്ങൾ ഇന്നും സജീവമായി ത്തുടരുന്നു. പിന്നെ കപ്ലോളനായി ബഹു. ഫാ. സിപ്രിയൻ മുല്ലേപറമ്പിൽ, ബഹു. ജോസഫ് പൂപ്പന, ബഹു. ഫാ. പോൾ പുന്നക്കാട്ടുശ്ശേരി, ബഹു. ഫാ. മാത്യു അത്തിപ്പൊഴി, ബഹു. ഫാ. പീറ്റർ തൈക്കൂട്ടത്തിൽ എന്നിവർ തങ്ങളുടെ ത്യാഗോജ്ജ്വലവും കർമ്മബദ്ധവുമായ സേവനം നല്കി, നീണ്ടകരയെ ആത്മീയവും സാമൂഹികവും സാമുദായികവുമായുർത്തി. പിന്നീട് ബഹു. ജോൺ മണക്കാട്ടച്ചൻ വന്നു. നീണ്ടകരക്കാരോട് പ്രത്യേക താത്പര്യമെടുത്തു. വസ്തുവകകളുടെ പ്രശ്നങ്ങൾ പരിഹരിച്ചു. കോൺവെന്റിരിക്കുന്ന സ്ഥലമൊക്കെ പള്ളിക്കായി നേടി.

ഈ കാലയളവിൽ ജനങ്ങൾ വർദ്ധിക്കുകയും കാലം പുരോഗമിക്കുകയും ആത്മീയവും സാമുദായികവുമായുള്ള ആഗ്രഹങ്ങളും അഭിലാഷങ്ങളും വളരുകയും അങ്ങനെ വളർച്ചയുടെ നാളുകൾ നാമ്പെടുക്കുകയും ഒരു വലിയ പള്ളിക്കായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അന്നത്തെ രൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ അലക്സാണ്ടർ എടേഴത്ത് പിതാവ് നീണ്ടകര നിവാസികൾക്കായി വലിയ പള്ളിക്കു ശിലാസ്ഥാപനം നടത്തി. ഓരോ കുടുംബവും ഉദാരമായി സംഭാവനകൾ നല്കി സഹായിച്ചു. ജോൺ മണക്കാടച്ചൻ പള്ളിയുടെ അടിത്തറ പണിയിച്ചു. കർമ്മാദികളുടെ നടത്തിപ്പിനായി നിർദ്ദിഷ്ട

പള്ളിയുടെ വടക്കുഭാഗത്ത് ഒരു താല്കാലിക ഷെഡ്ഡ് കെട്ടി. തുടർന്നുവന്ന ബഹു. വിക്ടർ മാരാപറമ്പിലച്ചൻ പുതിയ പള്ളിയുടെ അടിത്തറയിൽനിന്നും ലിന്റിൽവരെ ഭിത്തി കെട്ടിപ്പൊക്കി. പക്ഷേ, സിമന്റും കമ്പിയും ലഭിക്കാതെ വന്നതിനാൽ പള്ളിയുടെ നിർമാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. ഈ സമയത്ത് ബഹു. സേവ്യർ പാലയ്ക്കലച്ചൻ ചാപ്ലിനായി വന്നു. ബഹു. മാർക്കു പുരക്കലച്ചൻ മുതൽ ബഹു. സേവ്യർ പാലയ്ക്കലച്ചൻ വരെ, എഴുപുന്നയിൽ താമസിച്ചുകൊണ്ടാണ്, നീണ്ടകരയിൽ കുർബാനയ്ക്കായി വന്നിരുന്നത്. വേനൽക്കും വർഷത്തും ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ടിവർക്ക്. ചെറിയ വള്ളത്തിലാണ് വരുക. ഇതിനൊരവസാനം കുറിച്ചുകൊണ്ട് 1977 ഡിസംബർ 8-ന് അന്നത്തെ രൂപതാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. ജോസഫ് കുരീത്തറ മെത്രാൻ തിരുമേനി, പുതിയ ഷെഡിൽ വിശുദ്ധ കുർബാന സ്ഥാപിക്കുകയും നീണ്ടകര സെന്റ് സെബാസ്റ്റ്യൻ കപ്പേളയെ പഴങ്ങാട്ടു സെന്റ് ജോർജ്ജ് ഇടവകയിൽനിന്നും തിരിച്ചു, ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു. നീണ്ടകരയിലെ ചെല്ലാനം സെന്റ് സെബാസ്റ്റ്യൻ പള്ളി ഇടവകാംഗങ്ങളെ നീണ്ടകര പുതിയ ഇടവകയോടു ചേർക്കുകയും ചെയ്തു. പ്രഥമ വികാരിയായി അന്നത്തെ ചാപ്ലിനായിരുന്ന ബഹു. സേവ്യർ പാലക്കലച്ചനെ നിയമിക്കുകയും ചെയ്തു. തുടർന്ന് വികാരിയച്ചനു താമസിക്കാനായി എല്ലാവരുടെയും സഹായത്തോടെ 1981 ഏപ്രിൽ 23-ാം തീയതി ആദ്യമായി ഒരു പള്ളിമേടയും നിർമ്മിച്ചു. അഭിവന്ദ്യ പിതാവ് അത് ആശീർവദിക്കുകയും ചെയ്തു. 1981 ഏപ്രിലിൽ നീണ്ടകര നിവാസികൾക്കു സുപരിചിതരും ബഹുമാന്യനും ആദരണീയനുമായ ബഹു. ഇഗ്നേഷ്യസ് കവലക്കലച്ചൻ വികാരിയായി ചാർജ്ജെടുത്തു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പള്ളിയുടെ നിർമ്മാണം പുനരാരംഭിക്കുകയും മേൽക്കുരയുടെയും ഫ്ളോറിന്റെയും പണി പൂർത്തിയാക്കുകയും 1984 ജനുവരി 1-ാം തീയതി പുതിയ പള്ളിയിൽ ബഹു. കവലക്കലച്ചൻ ആദ്യമായി ദിവ്യബലിയർപ്പിക്കുകയും ചെയ്തു. തുടർന്ന് ബഹു. ജോസഫ് കൂട്ടുങ്കലച്ചൻ വികാരിയായി വരുകയും പള്ളിയുടെ





തേപ്പും പെയിന്റിംഗും നടത്തി. മറ്റു സകല പണികളും പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് വന്നത് റവ. ഫാ. സേവ്യർ ചിറമ്മേലാണ്. 1992-ൽ പഴയ പള്ളിഷെഡ്ഡു പൊളിച്ച് പുതിയൊരു മേടയുണ്ടാക്കി. പഴയ മേട മതബോധന ക്ലാസ്സുകൾക്കും മീറ്റിംഗുകൾക്കും മറ്റുമായി സൗകര്യപ്പെടുത്തി. കൂടാതെ വിശുദ്ധ സെബാസ്ത്യനോസിന്റെ ഒരു കുരിശടി വഴിയോരത്ത് പണിയിക്കുകയും ചെയ്തു. 1993-ൽ ബഹു റാഫി പരിയാത്തുശ്ശേരിയച്ചൻ വികാരിയായി വന്നു. ജനങ്ങൾക്ക് ഒരുമിച്ചുകൂടാനും ആഘോഷപരിപാടികൾ നടത്താനുമായി ഒരു പാരിഷ് ഹാൾ ആവശ്യമെന്നു കണ്ടു. അച്ചൻ അതിനുള്ള പദ്ധതികളാവിഷ്കരിച്ചു. അങ്ങനെ ഇടവകയിലുള്ള പൊതുപരിപാടികൾ, മീറ്റിംഗുകൾ, വിവാഹാഘോഷങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കായി ഏതാണ്ട് ഇരുപതുലക്ഷം രൂപയുടെ ഒരു പാരിഷ് ഹാൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 1997-ൽ അതിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. അത് അഭിവന്ദ്യ ജോസഫ് കുരീത്തറ പിതാവ് സാഘോഷം ആശീർവദിക്കുകയും "നീണ്ടകര ഹോൾ" എന്ന് പിതാവുതന്നെ പേരിടുകയും ചെയ്തു.

ഇടവകയിൽ ഒരു കോൺവെന്റ് ഉണ്ടാവുക എന്നത് ദൈവാനുഗ്രഹത്തിന്റെ പ്രത്യക്ഷ ലക്ഷണമാണ്. ഇടവക ജനത്തിന്റെ ചിരകാലാഭീഷ്ടവും. പല സന്ന്യാസസഭകളും ആഗ്രഹത്തോടെതന്നെ വന്നിരുന്നു, നീണ്ടകരയിൽ ഒരു ശാഖ സ്ഥാപിക്കുന്നതിനായി. പക്ഷേ, നീണ്ടകരയുടെ അന്നത്തെ സാഹചര്യം - റോഡില്ല, കുടിവെള്ളമില്ല, വൈദ്യുതി വെളിച്ചമില്ല - അങ്ങനെ പലതുമില്ലാത്ത സാഹചര്യം അവരെ പിന്തിരിപ്പിച്ചു. എന്നാൽ ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽത്തന്നെ ദൈവ പരിപാലനയാൽ 1997-ൽ "നീണ്ടകര ഹോൾ" വെഞ്ചരിച്ച വർഷംതന്നെ - ആഗസ്റ്റ് 3-ാം തീയതി പഴയ മേടയിൽ പാലക്കാട് ആസ്ഥാനമായ "വിശുദ്ധ ഡോൺഡാസ്തെ"യുടെ നാമധേയത്തിലുള്ള സന്ന്യാസിനി സഭയുടെ ഒരു ശാഖ - "ഡോൺഡാസ്തെ കോൺവെന്റ്" എന്ന പേരിൽ ഇവിടെ പ്രവർത്തനം ആരംഭിച്ചു. ആരംഭകാലത്തെ സുപ്പീരിയറായിരുന്ന മദർ തെരേസയുടെയും

സഹ സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യം ഇടവകയ്ക്ക് ഒരു പുതിയ ഉണർവു നല്കി. മതബോധന രംഗത്തും മറ്റും സംഘടനകളിലും കുടുംബയൂണിറ്റുകളിലും ഇവർ പ്രവർത്തിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ ആദ്ധ്യാത്മികവും ഭൗതികവും വിദ്യാഭ്യാസപരവുമായ വളർച്ചയെ ലക്ഷ്യംവച്ച് ഒരു നേഴ്സറി സ്കൂളും യുവതികൾക്കായി ഒരു തയ്യൽ ക്ലാസ്സും നടത്തുന്നു. കൂടാതെ ഇപ്പോൾ ദാരിദ്ര്യമേഖലയ്ക്കു താഴെയുള്ള ഏതാണ്ട് 15 കുട്ടികളെ താമസസൗകര്യമൊരുക്കി താമസിപ്പിച്ച് സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നു. അങ്ങനെ ദരിദ്രർക്കും അവഗണിക്കപ്പെട്ടവർക്കുവേണ്ടി പുതിയ പുതിയ മേച്ചിൻപ്പുറങ്ങൾ തുറന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ പ്രത്യേക പരിപാലനയോടെ.

1998-ൽ പുതിയ വികാരിയായി ബഹു. ഫാ. അലക്സ് കണ്ണിക്കാട്ടു സ്ഥാനമേറ്റു. നവീകരണങ്ങളുടെ കാലമായിരുന്നു, തുടർന്നുള്ള വർഷങ്ങൾ ! പള്ളിയോടു ചേർന്നുള്ള സ്ഥലം മുഴുവൻ ചുറ്റുമതിലു കെട്ടി സുരക്ഷിതമാക്കി. പള്ളിപ്പറമ്പിലുണ്ടായിരുന്ന തോടുകളും കുളങ്ങളും നികർത്തി പള്ളിക്കു സ്ഥലസൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഒപ്പം പള്ളിയുടെ സീലിംഗ് ചെയ്യിച്ചു. ഇടവകയിലെ പെൺകുട്ടികൾക്കു തൊഴിൽ ലഭ്യമാക്കുവാനായി വി-ഗാർഡ് കമ്പനിയുടെ ഒരു സ്റ്റെബുലൈസർ യൂണിറ്റും പ്രവർത്തനനിരതമാക്കി.

നീണ്ടകരയുടെ തെക്കുഭാഗത്തുള്ള വിശ്വാസികൾക്കുവേണ്ടി, ശ്രീ. എ.ജെ. ഫ്രാൻസിസ് അറക്കൽ നൽകിയ സ്ഥലത്ത്, രൂപതാ വൈദികരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ നാമധേയത്തിൽ അച്ചൻ ഒരു സുന്ദരമായ കപ്പേള പണിയുകയും 2002-ൽ അതിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ ഡോ. ജോൺ തട്ടുങ്കൽ പിതാവ് നിർവഹിക്കുകയും ചെയ്തു. 2002 ഡിസംബർ 2-ാം തീയതി നീണ്ടകര സെബാസ്റ്റ്യൻ പള്ളിയുടെ രജത ജൂബിലി അതിഗംഭീരമായി ഇടവക ജനങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങളോടെ സാഘോഷം കൊണ്ടാടുകയുണ്ടായി, ബഹു. അലക്സച്ചന്റെ മഹനീയ നേതൃത്വത്തിൽ.







2003-ൽ അലക്സ് കണ്ണിക്കാട്ടച്ചൻ സ്ഥലം മാറിപ്പോവുകയും ബഹുമാനപ്പെട്ട ജോബ് തൈക്കാളമുറി അച്ചൻ സ്ഥാനമേൽക്കുകയും ചെയ്തു. പള്ളിയുടെ വസ്തുവകകളുടെയും മറ്റും റേക്കാർഡുകൾ പരിശോധിക്കുകയും ക്രമീകരിക്കുകയും അവയുടെയെല്ലാം കൃത്യമായ 'ഡോക്യുമെന്റു'കളെല്ലാം 'അപ്ടുഡേറ്റാക്കുകയും' ചെയ്തു. കൂടാതെ പാവപ്പെട്ടവർക്കുവേണ്ടി, അച്ചന്റെ വ്യക്തിപരമായ കഴിവും ബന്ധങ്ങളും ഉപയോഗിച്ചു, കക്കൂസുകൾ സ്വന്തമായിട്ടില്ലാത്തവർക്കെല്ലാം വച്ചു കൊടുത്തു. കുടിവെള്ളക്ഷാമം ഏറെ അനുഭവിക്കുന്നവരാണ് സ്ഥലവാസികളെല്ലാംതന്നെ. അവർക്കെല്ലാവർക്കുമായി – കഴിവുള്ളവർക്കും കഴിവില്ലാത്തവർക്കുമായി – "മഴവെള്ള സംഭരണികൾ" നിർമ്മിച്ചു കൊടുത്തു. പള്ളിയുടെ ഫ്ളോർ ടൈൽസിട്ട് ഏറ്റം ഭംഗിയാക്കുകയും മദ്ബഹാ മുഴുവൻ 'സിന്തറ്റിക് കാർപ്പെറ്റിട്ട്' സുന്ദരമാക്കുകയും ചെയ്തു. അൾത്താരയിലെ വലിയ ക്രൂശിതരൂപം പ്ലാസ്റ്ററിൽ നിർമ്മിച്ചതായതുകൊണ്ട് പൊട്ടിപ്പൊളിഞ്ഞു തുടങ്ങി. അതു മാറ്റി തടിയിൽ തീർത്ത ക്രൂശിതരൂപം മദ്ബഹായിൽ സ്ഥാപിച്ചു. പള്ളിക്കു രണ്ടു നല്ല മഴവെള്ള സംഭരണികളും നിർമ്മിച്ചു. ബഹു. ജോബച്ചന്റെ ഇടയദൗത്യം ജനക്ഷേമത്തിനും ജാതിമതഭേദമന്യേയുള്ള സമൂഹനന്മയ്ക്കും നാടിന്റെ പുരോഗതിക്കും ഇടവകമക്കളുടെ സമഗ്രവികസനത്തിനും സർവോപരി അവരുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉപകരിക്കട്ടെ. ഇടയനും ആടുകളും നല്ലിടയനു മഹത്വമാകട്ടെ.

**നീണ്ടകര കപ്പേളയുടെ വികാരിമാരായി സേവനം ചെയ്ത വൈദികർ**

1. റവ. ഫാ. ജേക്കബ് റൊസാരിയോ
2. റവ. ഫാ. ജോർജ്ജ് വള്ളോംതയ്യിൽ (പള്ളിക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തിയ പള്ളിയുടെ സ്ഥാപകരിൽ പ്രഥമ സ്ഥാനീയൻ)
3. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ട്
4. റവ. ഫാ. മാനുവൽ അറക്കൽ

5. റവ. ഫാ. അഗസ്റ്റിൻ തേങ്ങാപ്പുരക്കൽ
6. റവ. ഫാ. മാത്യു അത്തിപ്പൊഴി
7. റവ. ഫാ. ജോസഫ് പുത്തംപറമ്പിൽ

**അസിസ്റ്റന്റ് വികാരിമാരായി സേവനം ചെയ്ത വൈദികർ**

1. റവ. ഫാ. മാർക്കു പുരക്കൽ (1949 - 1951)
2. റവ. ഫാ. സേവ്യർ പുത്തംപറമ്പിൽ (1951 - 1954)
3. റവ. ഫാ. ഇഗ്നേഷ്യസ് കവലക്കൽ (1954 - 1956)
4. റവ. ഫാ. സിപ്രിയാൻ മുല്ലേപറമ്പിൽ (1956 - 1958)
5. റവ. ഫാ. ജോസഫ് പൂപ്പന (1958 - 1960)
6. റവ. ഫാ. പോൾ പുന്നക്കാട്ടുശ്ശേരി (1960 - 1962)
7. റവ. ഫാ. മാത്യു അത്തിപ്പൊഴി (1962 - 1964)
8. റവ. ഫാ. പീറ്റർ തൈക്കൂട്ടത്തിൽ (1964 - 1967)
9. റവ. ഫാ. ജോൺ മണക്കാട്ട് (1967 - 1971)
10. റവ. ഫാ. വിക്ടർ മാരാപറമ്പിൽ (1971 - 1976)
11. റവ. ഫാ. സേവ്യർ പാലക്കൽ (1976 - 1977)

**നീണ്ടകര പള്ളി ഇടവകയുടെ വികാരിമാർ**

1. റവ. ഫാ. സേവ്യർ പാലക്കൽ (1977 - 1981)
2. റവ. ഫാ. ഇഗ്നേഷ്യസ് കവലക്കൽ (1981 - 1984)
3. റവ. ഫാ. ജോസഫ് കൂട്ടുങ്കൽ (1984 - 1989)
4. റവ. ഫാ. സേവ്യർ ചിറമ്മേൽ (1989 - 1993)
5. റവ. ഫാ. റാഫി പര്യാത്തുശ്ശേരി (1993 - 1998)
6. റവ. ഫാ. അലക്സ് കണ്ണിക്കാട്ട് (1998 - 2003)
7. റവ. ഫാ. ജോബ് തൈക്കാളമുറി (2002 - )

**ഇടവകാംഗങ്ങളായ വൈദികർ**

1. റവ. ഫാ. സേവ്യർ കാരുവള്ളി
2. റവ. ഫാ. ജോസഫ് വടക്കേവീട്ടിൽ
3. റവ. ഫാ. ആർതർ അറക്കൽ
4. റവ. ഫാ. പ്രസാദ് കണ്ടത്തിപ്പറമ്പിൽ





**സെമിനാരി വിദ്യാർത്ഥികൾ**

1. ജോതിസ് കളത്തിൽ - Mercederian
2. ആനന്ദ് നികർത്തിൽ - Diocesan
3. അനീഷ് കമ്പിവേലിക്കകത്ത് - Capuchin

**സന്ന്യാസിനിമാർ 16 പേർ**

**ഇടവകയിലെ സ്ഥാപനങ്ങൾ**

സ്ഥാപനം : ഡോൺഡാസ്തെ കോൺവെന്റ്

a) തയ്യൽ ക്ലാസ്
b) Nursery School
c) Poor Children - Care Unit

**Sub Station**

St. John Mary Viannie Chappel (South Neendakara) ✻

# DEPARTMENT OF CATECHESIS

**DIOCESE OF COCHIN**

**ALPHA PASTORAL CENTRE, EDAKOCHI, KOCHI - 682 006**

## 2006 - 2007 മതബോധനവർഷം എ ഗ്രേഡിനർഹരായ സൺഡേ സ്കൂളുകൾ താഴെ പറയുന്നവയാണ്.

1. Chaithanya Sunday School, Nazareth
2. Holy Family Sunday School, Perumpadappu
3. Vachana Theertham Sunday School, North Kumbalanghi
4. St. Thomas More Sunday School, Palluruthy
5. Sacred Heart Sunday School, Kumbalanghi
6. St. Antony's Sunday School, Eraveli
7. St. Joseph's Sunday School, Chullickal
8. St. Francis Xavier's Sunday School, Vayalar
9. St. Mary's Sunday School, Chullickal
10. Our Lady of Hope Sunday School, Vypeen
11. St. Francis Assisi Sunday School, Kattiparambu
12. Vachana Nikethan Sunday School, Thoppumpady
13. Santa Cruz Sunday School, Fort Kochi
14. St. Francis Xavier Sunday School, Eramallor
15. Our Lady of Fatima Sunday School, Kodamthuruth
16. Jeeva Jwala Sunday School, Kannamaly
17. Vachana Dharsana Sunday School, Arasupuram
18. St. Mary's Sunday School, Kochery
19. St. Sebastian's Sunday School, Neendakara
20. Vachana Jyothi Sunday School, Mattanchery
21. St. Thomas Apostle Sunday School, Santhome
22. St. Martin De Porress Sunday School, Kallanchery

**കൈയ്യെഴുത്തു വാർഷിക പതിപ്പ് വിജയികൾ**

ഒന്നാം സമ്മാനം - **'ലിത്രോ'**, സെന്റ് മേരീസ് സൺഡേ സ്കൂൾ നോർത്ത് ഇടക്കൊച്ചി

രണ്ടാം സമ്മാനം - **'വെൺമേഘങ്ങൾ'**, സെന്റ് ജോസഫ്സ് സൺഡേ സ്കൂൾ, ചുള്ളിക്കൽ

മൂന്നാം സമ്മാനം - **'യുട്ടോപ്പിയ'**, സെന്റ് തോമസ് മുർ സൺഡേ സ്കൂൾ, പള്ളുരുത്തി





# വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

മുൻവർഷങ്ങളിലെപ്പോലെ കെ.എം.സി.എ സിൽവർ ജൂബിലി ട്രസ്റ്റ് ഈ വർഷവും സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കത്തോലിക്കാ സമുദായത്തിൽപ്പെട്ട 150 വിദ്യാർത്ഥികൾക്ക് 3500 രൂപാ വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. അപേക്ഷകർ 2007 മാർച്ചിലെ 10-ാം സ്റ്റാൻഡേർഡ് പരീക്ഷയിൽ കുറഞ്ഞത് 75% മാർക്ക് വാങ്ങിയവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായിരിക്കണം.

അപേക്ഷകർ പേര്, പിൻകോഡോടുകൂടിയ അഡ്രസ്സ്, ടെലിഫോൺ നമ്പർ, രക്ഷകർത്താവിന്റെ പേര്, ജോലി, പഠിക്കുന്ന കോഴ്സ്, ഇടവക, രൂപത, ആകെ കിട്ടിയ മാർക്ക് എന്നീ വിവരങ്ങൾ വെള്ളക്കടലാസിൽ എഴുതി സാമ്പത്തിക സ്ഥിതിയെപ്പറ്റി ഇടവക വികാരിയുടെ സാക്ഷ്യപത്രവും 10-ാം ക്ലാസ്സ് പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ ഫോട്ടോകോപ്പിയും ചേർത്ത് താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ 2007 ഡിസംബർ 20-ാം തീയതിക്കകം സാധാരണ തപാലിൽ അയയ്ക്കേണ്ടതാണ്.

പുതിയ ഗ്രേഡ് സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അപേക്ഷകരുടെ യോഗ്യത കണക്കാക്കുന്നത് താഴെ പറയുന്ന വിധത്തിൽ ആയിരിക്കും.

A+ 90 Marks, A 80 Marks, B+ 70 Marks, B 60 Marks, C+ 50 Marks, C 40 Marks അപേക്ഷകർ 80% Marks വാങ്ങിയവർ ആയിരിക്കണം. ബാക്കി വ്യവസ്ഥകൾക്ക് ഒരു മാറ്റവും ഉണ്ടായിരിക്കുന്നതല്ല.

അയയ്ക്കേണ്ട വിലാസം :

**Babu Abraham**
**President**
**K.M.C.A. Silver Jubilee Trust**
**Mariam Complex**
**Pathanamthitta - 689 645**

# ജൂബിലിവർഷ പരിപാടികൾ - നവംബർ

**രൂപത തലം**

17 - 18 : കായികമത്സരങ്ങൾ

**ഇടവകതലങ്ങളിൽ**

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 1 | സെന്റ് ഫ്രാൻസിസ് അസ്സിസി, കാട്ടിപ്പറമ്പ് | സെമിത്തേരി ശുദ്ധീകരണം |
| 1 - 30 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | സെമിത്തേരി സൗന്ദര്യ വത്ക്കരണം |
| 1 - 30 | സെന്റ് ജോസഫ്സ്, വല്ല്യത്തോട് | ജൂബിലി ഭവന (2) നിർമ്മാണം |
| 1 - 30 | സെന്റ് സെബാസ്റ്റ്യൻസ്, തോപ്പുംപടി | ഭവനസന്ദർശനം |
| 4 | സെന്റ് അഗസ്റ്റിൻസ്, അരൂർ | വ്യവസായ സംരംഭ സെമിനാർ |
| 4 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | ഇടവകദിനാഘോഷങ്ങൾ |
| 4 | സെന്റ് ജോസഫ്സ്, ചെറിയകടവ് | അദാലത്ത് |
| 7 - 11 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ഗോവ തീർത്ഥാടനം |
| 7 | " | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 8 | സെന്റ് ജോസഫ്സ്, കുമ്പളങ്ങി | ബസിലിക്ക തീർത്ഥാടനം |
| 8 | ഹോളി ഫാമിലി, നസ്രത്ത് | പിതൃസ്മരണ |
| 9 | " | വൃദ്ധമന്ദിരം സന്ദർശനം |
| 10 - 11 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | ക്രിസ്റ്റീൻ കൂട്ടായ്മ |
| 10 | സെന്റ് ലൂയീസ്, മുണ്ടംവേലി | ബോധവത്ക്കരണ സെമിനാർ |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 10 | സെന്റ് തോമസ് മൂർ, പള്ളുരുത്തി | കുഞ്ഞുസദസ് |
| 11 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | കലാപ്രതിഭ സംഗമം |
| 11 | സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ്, വയലാർ | മാതൃസംഗമം |
| 11 | സെന്റ് അഗസ്റ്റിൻസ്, അരൂർ | കുടുംബയൂണിറ്റ് നേതൃ സംഗമം |
| 11 | സെന്റ് ജോസഫ്സ്, ചിറക്കൽ | യൂണിറ്റ് ഭാരവാഹികൾ ക്കുള്ള സെമിനാർ |
| | " | ബൈബിൾ ക്വിസ് |
| 11 | സെന്റ് ജോസഫ്സ്, ചെറിയകടവ് | കുടുംബപ്രശ്നപരിഹാര സെൽ രൂപീകരണം |
| 11 | സെന്റ് മേരീസ്, ഇടക്കൊച്ചി | മെഡിക്കൽ ക്യാമ്പ് |
| 11 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | വിശ്വാസപ്രഖ്യാപന സംഗമം |
| 14 | " | ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 14 | സെന്റ് പീറ്റേഴ്സ്, കുമ്പളങ്ങി | ആരോഗ്യ സുരക്ഷാ പദ്ധതി ആരംഭം |
| 18 | സെന്റ് ലോറൻസ്, പള്ളുരുത്തി | ജൂബിലി ഭവന താക്കോൽ ദാനം, ജൂബിലി സുവനീർ പ്രകാശനം & ഇടവക ജൂബിലി സമാപനം |
| 18 | സെന്റ് സെബാസ്റ്റ്യൻസ്, നീണ്ടകര | രക്ഷകർതൃ സെമിനാർ |
| 18 | സെന്റ് ലൂയീസ്, മുണ്ടംവേലി | വൃദ്ധസംഗമം |
| 18 | ഔവർ ലേഡി ഓഫ് ഫാത്തിമ കോടന്തുരുത്ത് | ജൂബിലി ഭവന താക്കോൽ ദാനം |
| 18 | സെന്റ് ഫ്രാൻസിസ് അസ്സിസി കാട്ടിപ്പറമ്പ് | ജാഗ്രത സെമിനാർ |

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 18 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | ബോധവത്ക്കരണ ക്ലാസ്സ് |
| 18 | സെന്റ് പീറ്റർ & പോൾ, അമരാവതി | കുടുംബയൂണിറ്റ് നേതൃ സംഗമം |
| 18 | സെന്റ് ജോസഫ്സ്, ചെറിയകടവ് | കായികമത്സരങ്ങൾ |
| 18 | സെന്റ് മേരീസ്, ഇടക്കൊച്ചി | ബൈബിൾ ക്വിസ് |
| 18 | സെന്റ് തോമസ് മൂർ, പള്ളുരുത്തി | ബസിലിക്ക തീർത്ഥാടനം |
| 18 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | യുവജനസംഗമം |
| 18 | " | സാമൂഹ്യ സമ്പർക്ക മാധ്യമ ദിനം - ചർച്ചക്ലാസ് |
| 24 | " | വിധവ സംഗമം |
| 24 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | ഇടവകദിനാഘോഷങ്ങൾ |
| 25 | സാന്റാക്രൂസ് കത്തീഡ്രൽ ബസിലിക്ക ഫോർട്ടുകൊച്ചി | ശാരീരിക - മാനസിക- ബൗദ്ധീക വൈകല്യമുള്ള വരുടെ സംഗമം |
| 25 | സെന്റ് മേരീസ്, തങ്കി | ജനറൽ മെഡിക്കൽ ക്യാമ്പ് |
| 25 | സെന്റ് ലൂയീസ്, മുണ്ടംവേലി | മെഡിക്കൽ ക്യാമ്പ് |
| 25 | സെന്റ് ജോസഫ്സ്, കുമ്പളം | യൂത്ത് കൺവെൻഷൻ |
| 25 | സെന്റ് ജോസഫ്സ്, ചെറിയകടവ് | കായികമത്സരങ്ങൾ |
| 25 | ഹോളി ഫാമിലി, നസ്രത്ത് | ചരിത്രപഠനം |





# ജൂബിലി വർഷ രൂപത വാർത്തകൾ

## തീരദേശത്തിന് ഒരു തിലകക്കുറി

തീരപ്രദേശത്തിനു വിദ്യയുടെ വെളിച്ചം പകർന്ന് 103 വർഷം പിന്നിടുന്ന ചെല്ലാനം സെന്റ് മേരീസ് ഹൈസ്കൂളിനും ഹയർ സെക്കണ്ടറി സ്കൂളിനും വേണ്ടി കൊച്ചി രൂപത പുതിയ കെട്ടിടം നിർമ്മിച്ചു.

കെട്ടിടത്തിന്റെ ആശീവാദ കർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ കൊച്ചി മെത്രാൻ റൈററ് റവ. ഡോ. ജോൺ തട്ടുങ്കൽ നിർവ്വഹിച്ചു. അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന സമൂഹ ദിവ്യബലിയിൽ പൂർവ വിദ്യാർത്ഥികളായ വൈദികർ സഹകാർമ്മികരായി പങ്കുചേർന്നു.

ശ്രീ. സി.എം. ദിനേശ്മണി എം.എൽ.എ.യും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മുരളിയും ചേർന്ന് ശിലാഫലകം അനാഛാദനം ചെയ്തു. തുടർന്ന് തൊഴിലാളികളെയും അഭ്യുദയകാംക്ഷികളെയും ആദരിക്കുകയും ചെയ്തു.



പിന്നീട് സ്കൂൾ അങ്കണത്തിൽ ചേർന്ന പൊതുയോഗത്തിന് അഭിവന്ദ്യ പിതാവ് ആദ്ധ്യക്ഷ്യം വഹിച്ചു. കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. വി. പീറ്റർ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ എഡ്യൂക്കേഷണൽ ഏജൻസി ജനറൽ മാനേജർ ഫാ. തോമസ് പറത്തറ സ്വാഗതവും, ഇടവക വികാരി ഫാ. പയസ് പഴേരിക്കൽ സ്കൂളിന്റെ ചരിത്രാവലോകനവും നടത്തി. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. മുരളി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആന്റണി ഷീലൻ, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ. ഡി. പ്രസാദ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ഡയറക്ടർ പ്രൊഫ. സി. ഡി. സെബാസ്റ്റ്യൻ നന്ദി പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

# MONTHLY RECOLLECTION FOR PRIESTS

**(AT BISHOP'S HOUSE)**

**Date : 07/11/2007**

**Time : 10.30 a.m.**

**Theme : Dialogical Character of the Church**

**Preacher : Bishop Joseph Kariyil**

## പ്രീ– കാന കോഴ്സ്

**2007 നവംബർ**

**8, 9, 10, 11 &**

**29, 30, ഡിസംബർ 1, 2**

**തിയതികളിൽ**





## BISHOP'S ENGAGEMENTS IN NOVEMBER - 2007

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Thurs | 09.00 a.m. | Bishop's House | Meeting People |
| | 04.30 p.m. | Ernakulam | Jeevanaadam Board Meet |
| 02 Fri | 09.00 a.m. | Bishop's House | Office Work |
| 04 Sun | 09.45 a.m. | APC | Catechism Teachers Convention - Message/Prize Distribution |
| | 11.00 a.m. | N. Kumbalanghy | Child-Sponsorship Mass |
| | 04.00 p.m. | Kanjikuzhy | Mass-Feast of St. Jude at Vaneswargam |
| 05 Mon | 09.00 a.m. | Bishop's House | Meeting People |
| | 11.00 a.m. | Basilica | Mass-Bicentenary of Canossians - for 3 Schools |
| 06 Tue | | Aluva | Class at Carmelgiri |
| | 12.00 noon | Aluva | Mass-Parents Day at Holy Cross Study House |
| 07 Wed | 10.00 a.m. | Bishop's House | Monthly Recollection |
| 08 Thurs | 09.00 a.m. | Bishop's House | Meeting People |
| | 03.30 p.m. | Bishop's House | Coordination Committee |
| | 04.30 p.m. | Ernakulam | Jeevanadam Board Meet |
| 09 Fri | 09.00 a.m. | Bishop's House | Office Work |
| 10 Sat | 11.30 a.m. | Kumbalam | Mass-Sermon-Parents Day-St. Xavier's Study House |

| | | | |
|---|---|---|---|
| 11 Sun | 09.30 a.m.<br>03.00 p.m.<br>06.00 p.m. | Thoppumpady<br>Amaravathy<br>Bishop's House | Festal Mass at Our Lady's Convent<br>Confirmation-Mass at Ss. Peter and Paul<br>Professionals Meet |
| 12 Mon | 09.00 am. | Bishop's House | Meeting People |
| 13 Tue | | Aluva | Class at Carmelgiri |
| 14 Wed | 10.30 a.m.<br>03.00 p.m. | Basilica<br>Bishop's House | Mass-Marriage Blessing<br>Vicar Foranes' Meet |
| 15 Thurs | 09.00 a.m.<br>05.30 p.m. | Bishop's House<br>Ernakkulam | Meeting People<br>Jeevanaadam Board Meet |
| 16 Fri | 09.00 a.m.<br>11.00 a.m. | Bishop's House<br>APC | Office Work<br>Neo-Catechumenal Meet |
| 17 Sat | 09.30 a.m.<br>11.30 a.m.<br>05.30 p.m. | <br>FortCochin<br>Palluruthy | Athletic Meet - March Past<br>Mass-Sermon-Parents Day-Mt.Carmel Petit Seminary<br>Mass-Programme at Prathyasabhavan-Salesian Sisters |
| 18 Sun | 03.30 p.m.<br>06.00 p.m. | Arthinkal<br>APC | Festal Mass-Presentes Matha<br>Prize Distribution - Jubilee |
| 19 Mon | 09.00 am.<br>06.00 p.m. | Bishop's House<br>Perumpadappu | Meeting People<br>Mass at Dolours Convent-6$^{th}$ Month of late Mother General |





| | | | |
|---|---|---|---|
| 20 Tue | | Aluva | Class at Carmelgiri |
| 21 Wed | 03.00 p.m. | N. Edacochin | Final Profession of Pallotine Sisters at St. Mary's Church |
| 22 Thurs | 09.00 a.m.<br>04.30 p.m. | Bishop's House<br>Ernakulam | Meeting People<br>Jeevanaadam Board Meet |
| 23 Fri | 09.00 a.m.<br>05.30 p.m. | Bishop's House<br>Trivandrum | Office Work<br>Christ the King Feast at Pozhiyoor |
| 24 Sat | 10.30 a.m.<br>02.00 p.m. | Thoppumpady<br>Ernakulam | Final Profession of 2 Sisters at O.L.<br>Regional Conference of KLM |
| 25 Sun | 10.00 a.m.<br>02.00 p.m. | | Marriage Blessing<br>Election of KLCA |
| 26 Mon | 09.00 a.m.<br>11.30 a.m. | Bishop's House<br>Bishop's House | Vasco De Gama Research Institute Meet<br>Press Conference |
| 27 Tue | | Aluva | Class at Carmelgiri |
| 28 Wed | 10.00 a.m.<br>07.00 p.m. | Bishop's House<br>Bishop's House | Consultors' Meet<br>Samudaya Kariyalayam Meet |
| 29 Thurs | 09.00 a.m.<br>04.30 p.m. | Bishop's House<br>Ernakualm | Meeting People<br>Jeevanaadam Board Meet |
| 30 Fri | 09.00 a.m. | Bishop's House | Office Work |

# FROM THE BISHOP'S DIARY

## OCTOBER 2007

| Date | Time | Purpose |
|---|---|---|
| 5th Fri | 03.00 p.m. | Fatima Hospital Board Meeting |
| 12th Fri | 04.00 p.m. | Domestic Workers Movement Meet at B.H. |
| 12th Fri | 06.00 p.m. | Fatima Hospital Board Meeting |
| 14th Sun | 09.00 a.m. | Mass in Fatima Hospital- Feast of Fatima |
| 15th Mon | 07.00 p.m. | Mass - Fatima Kumbalanghy |
| 16th Tue | 03.00 p.m. | Dr. John Mathai |
| 18th Thu | 10.30 a.m. | Angamaly - Mass - Message |
| 20th Sat | 07.00 a.m. | Mass in Seminary Chapel- Initiation in Writing-Children |
| 21st Sun | 07.00 p.m. | Blessing & Message - 40 Hours Adoration Conclusion at Don Bosco Vaduthala |
| 25th Thu | 05.15 p.m. | Flag Hoisting & Mass at Thevara St. Jude Church |
| 26th Fri | 07.00 p.m. | Samudaya Kariyalayam Meet at BH. |
| 27th Sat | 10.00 a.m.<br>12.00 noon | "Right to Information" Seminar at POC<br>Programme at St. Francis Friary Karuvelipady |
| 28th Sun | 04.00 p.m. | Fatima Hospital Day |
| 30th Tue | 06.00 p.m. | Core Group |







# പിന്നാമ്പുറം

## കൂദാശാ വിവാദവും മാധ്യമപ്പടയും

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

സഭയും കമ്യൂണിസവും വീണ്ടും തെരുവിൽ ഏറ്റുമുട്ടി. "നികൃഷ്ട ജീവി" പ്രയോഗവും അന്ത്യകൂദാശയും വലിയ വിവാദങ്ങളിലേയ്ക്ക് വഴി തുറന്നിട്ടു. മത്തായി ചാക്കോയ്ക്ക് അന്ത്യകൂദാശ നൽകിയെന്നും ഇല്ലെന്നും ഇരുകൂട്ടരും ശക്തമായി വാദിച്ചു. ഈ വാദപ്രതിവാദങ്ങൾ ആർക്കാണ് ഗുണം ചെയ്യുന്നത് എന്ന് ചിന്തിക്കുന്നത് നല്ലതായിരിക്കും. പിണറായി വിജയനെതിരെ അന്ത്യശ്വാസം വരെ പടപൊരുതിയ എം.എൻ. വിജയന്റെ അവസാന വാക്കുകൾ ഉയർത്തി വിട്ടേക്കുമായിരുന്ന കൊടുങ്കാറ്റ് വഴി മാറ്റിവിടുവാൻ ഇടതുപക്ഷത്തിനായി. ഒരു രാഷ്ട്രീയ പാർട്ടിക്കും ചൂട്ടുപിടിക്കുകയല്ല ഞങ്ങളുടെ ഉദ്ദേശ്യമെന്ന് ശുദ്ധമനസ്ക്കരായ വൈദികർ പറഞ്ഞെങ്കിലും ഉമ്മൻ ചാണ്ടി മുതൽ കുഞ്ഞാലിക്കുട്ടി വരെ ഈ നിലാവെട്ടത്ത് ഓരിയിട്ടു. നിന്നനിൽപ്പിൽ മലക്കം മറിയുന്ന രാഷ്ട്രീയ സദാചാരക്കാരോട് സംവാദത്തിനുപോയി നാണം കെടാനായിരുന്നു സഭയുടെ വിധി. കോലാഹലങ്ങൾ ഒന്നാറിത്തണുക്കുമ്പോൾ നമ്മളാണ് കൂടുതൽ അപഹാസ്യരായത്. കാരണം രാഷ്ട്രീയക്കാരന്റെ ശൈലികൾ നമുക്ക് ചേരില്ലെന്നതുതന്നെ.

പിണറായിയെക്കൊണ്ട് മാപ്പു പറയിക്കാതെ അടങ്ങില്ലെന്നു തീരുമാനിക്കുന്നത് ശുദ്ധ മണ്ടത്തരമാണ്. വഴിയിലൂടെ

പോകുന്ന ആനയെക്കണ്ട് പട്ടി കുരയ്ക്കുന്നത് ആനയെ പേടിപ്പിക്കാനല്ല സ്വന്തം ഭയം മറച്ചു വെയ്ക്കാനാണ്. ലാവ്‌ലിൻ കേസും ശാസ്ത്രസാഹിത്യപരിഷിത്തിന്റെ കേസു തള്ളിയതും മറ്റും ഈ ജനനായകനിൽ തീർത്ത ഭയപ്പാടിന്റെ പ്രതിഫലനം മാത്രമായിരുന്നു. "നികൃഷ്ട ജീവി" പ്രയോഗം ഇതും ഇതിനപ്പുറവും കേട്ടുശീലമുള്ള അച്ചുതാനന്ദൻ ഇങ്ങനെയൊന്നിനെപ്പറ്റി അറിവില്ലെന്നു പറഞ്ഞ് തടിതപ്പി. ഇതാണ് രാഷ്ട്രീയം. പത്രങ്ങൾ വെണ്ടയ്ക്കാ നിരത്തിക്കൊണ്ടിരിക്കുന്ന കാര്യം കണ്ടില്ലെന്നു പറയാൻ മുഖ്യന് ഒരു സങ്കോചവുമില്ലായിരുന്നു. ഇതുതന്നെയാണ് രാഷ്ട്രീയക്കാരനും സഭയും തമ്മിലുള്ള വ്യത്യാസവും. പിണറായിയുടെ ആരാധ്യനായ നേതാവ് നായനാർ റോമിൽപ്പോയി മാർപാപ്പയെ കാണുകയും കൊന്ത വാങ്ങുകയും ചെയ്തു. എന്നാൽ മത്തായി ചാക്കോയ്ക്ക് മെത്രാൻ കൊന്ത കൊടുത്തു എന്നത് വിശ്വസിക്കാൻ സഖാവിനൊട്ടു കഴിയുന്നുമില്ല. പത്ത് വോട്ടു കൂടുതൽ കിട്ടിയാൽ മുട്ടിൽനിന്നു കൊന്ത ചൊല്ലാനും ഇവർ മടിക്കില്ല. അരമന തോറും കയറി ഇറങ്ങി ഇവർ നൽകുന്ന വാഗ്ദാനങ്ങൾ മുഖവിലക്കെടുക്കുന്നതാണ് തെറ്റ്.

ഈ വിവാദങ്ങൾ മറ്റു ചില സംഗതികളിലേയ്ക്കു കൂടി വിരൽ ചൂണ്ടുന്നു. ഇന്നത്തെ മാധ്യമസംസ്കാരത്തെപ്പറ്റി നമ്മൾ കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ദിവസത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം മാത്രം വാർത്തകൾ അറിയിക്കുന്ന സംസ്കാരത്തിൽനിന്നും 24 മണിക്കൂറും വാർത്തയെന്ന പുതിയ ശൈലി രൂപപ്പെട്ടിരിക്കുകയാണ്. അരമണിക്കൂർ ഇടവിട്ട് പുതുതായി പറയാൻ വാർത്തകൾ ഉണ്ടാക്കേണ്ടിവരുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അതിനാൽതന്നെ ഒരു കാര്യത്തെ വിവാദമാക്കി കഴിയുന്നത്രയും നിലനിർത്താൻ ഈ മാധ്യമപ്പട പരിശ്രമിക്കുന്നു. ഇവിടെ വാക്കുകൾ കൂടുതൽ





സൂക്ഷിച്ച് ഉപയോഗിക്കേണ്ടത് നമ്മുടെ കടമയാണ്. രാഷ്ട്രീയക്കാരെപ്പോലെ പറഞ്ഞതു പറഞ്ഞില്ലെന്നു പറയാനും ഇങ്ങനെ ഞാൻ ഉദ്ദേശിച്ചില്ലെന്നു പറയാനും നമ്മെ മനഃസാക്ഷി അനുവദിക്കില്ല. രാഷ്ട്രീയക്കാരെ അതേ ശൈലിയിൽ നേരിടാൻ പരിശ്രമിച്ചാൽ അന്തിമ വിജയം അവർക്കാവും എന്നത് തർക്കമറ്റ വിഷയമാണ്.

കൂദാശകളുടെ അവകാശികളാരൊക്കെ എന്നതാണ് അടുത്ത വിഷയം. എല്ലാ മതാനുഷ്ഠാനങ്ങൾക്കും വിശ്വാസത്തോടു ചേർന്ന് സാമൂഹികമായ അംഗീകാരങ്ങളുമുണ്ട്. വിവാഹത്തോടും മരണാനന്തര ക്രിയകളോടും ചേർന്നു വരുന്ന ചടങ്ങുകൾ ഒരു വ്യക്തിക്ക് ലഭിക്കുന്ന അംഗീകാരത്തിന്റെ കൂടി അടയാള മാണ്. സാമൂഹികമായി ലഭിക്കുന്ന അംഗീകാരത്തിന്റെ മാനദണ്ഡം അയാൾ മതത്തിൽ വിശ്വസിക്കുന്നവനായിരിക്കണം എന്നതാണ്. പരസ്യമായി വിശ്വാസത്തെ തള്ളിപ്പറയുന്ന ഒരാൾക്ക് മതത്തിന്റെ ആനുകൂല്യങ്ങളിലും അവകാശം നഷ്ടമാകുന്നു എന്നു ചുരുക്കം. പലപ്പോഴും ഇവിടെയാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. സഭാവിശ്വാസത്തെ തള്ളി പറയുന്നവരും സഭയോടു ചേർന്നു വരുന്ന സാമൂഹികാവകാശങ്ങൾ ആഗ്രഹിക്കുകയും അസ്വദിക്കുകയും ചെയ്യുന്നുണ്ട്. ജൂൺ മാസത്തിൽ മാതൃഭൂമി ആഴ്ചപ്പതിപ്പു പ്രസിദ്ധീകരിച്ച ആറാം തിരുമുറിവിന്റെ രചയിതാവ് പി.എം. ആന്റണിയുമായുള്ള അഭിമുഖത്തിൽ ക്രിസ്തുവിനെ സാധാരണ മനുഷ്യനായാണ് താൻ കാണുന്നതെന്നും ഞാൻ ക്രിസ്ത്യാനിയല്ലെന്നും പരസ്യമായി പറയുന്ന വ്യക്തിതന്നെ മക്കളുടെ വിവാഹം, മരണം എന്നീ ആവശ്യങ്ങൾ വരുമ്പോൾ സഭ പിടിമുറുക്കുന്നു എന്ന് പരിതപിക്കുന്നുണ്ട്. തനിക്ക് തെമ്മാടിക്കുഴി നൽകുമെന്നു പറയുകയും ചെയ്യുന്നുണ്ട്. സഭയിൽ വിശ്വസിക്കാത്തയാൾക്ക് എങ്ങനെയാണ് ഇവയുടെ മേൽ അവകാശം ലഭിക്കുന്നത്. അതിനാൽ സഭയ്ക്ക് കൃത്യ

മായ സന്ദേശം നൽകുവാനുണ്ടാവണം. പലവട്ടം സഭാവിശ്വാസങ്ങളെ പൊതു ജനമദ്ധ്യേ തള്ളിപ്പറഞ്ഞവർ സമൂഹത്തിൽ അലങ്കരിക്കുന്ന ഔന്നത്യങ്ങൾകൊണ്ട് തെറ്റുകാരല്ലാതാവുന്നില്ല. മാനുഷികവും സാമൂഹികമായും ഇവരെ ബഹുമാനിക്കുമ്പോഴും വിശ്വാസത്തിന്റെ മേഖലയിൽ ഇവർ വച്ചു പുലർത്തുന്ന മനോഭാവങ്ങളോട് വിയോജിക്കുന്നത് അപരാധമല്ല. പ്രതിഭയും സാമൂഹിക അടിത്തറകളും ഒന്നിനും മറയായി മാററുത്. കമ്യൂണിസ്റ്റു സഹചാരികളെ സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്നും മാറ്റി നിർത്താൻ ചങ്ങനാശ്ശേരി രൂപത ധീരമായി തീരുമാനമെടുത്തു. സഭയോടു വിശ്വാസപരമായ സമീപനം പുലർത്താത്തവരെ വിശ്വാസപരമായ കാര്യങ്ങളിൽ മാറ്റി നിർത്താനുള്ള ആത്മബലം നാം കാണിക്കണം. ഇത് ഒരു വിവാദത്തിനു വേണ്ടിയല്ല മറിച്ച് ഇനിയും ഇതുപോലുള്ള വിവാദങ്ങൾ ഒഴിവാക്കുവാൻ ഉദ്ദേശിച്ചാണു കുറിച്ചത്. ✿

All Correspondence and the matters to be
published in
THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**